# ക്രിസ്തീയ ആരാധന

ക്രിസ്തീയ ആരാധന എന്നത് ഭക്തൻ അവന്റെ കർത്താവിന്റെ പാദത്തിങ്കൽ ഇരുന്ന് ഭയത്തോടും, അത്ഭുതത്തോടും, ഭക്ത്യാദരവോടും, കൂടി അവന്റെ കർത്താവിന്റെ മുഖത്തേക്ക് ഉറ്റുനോക്കുന്നതാണ്. ഇത് കർത്താവിന്റെ മഹത്വത്താലും സൗന്ദര്യത്താലും സമ്പൂർണമായി കീഴടക്കപ്പെടുമ്പോൾ അവന്റെ ഹൃദയത്തിൽ നിന്ന് ബഹിർഗമിക്കുന്ന ഭക്തി നിർഭരമായ സ്തുതിസ്തോത്രങ്ങളോടെ കർതൃപാദങ്ങളിൽ അവൻ നമസ്കരിക്കുന്നു.

**ഡോ. സൈലസ് സി. നായർ**

# ഉള്ളടക്കം


## മുഖവുര ........................................ 3
## ആരാധനയുടെ അർത്ഥം ........................................ 5

1. ആരാധന (പ്രോസ്കുനെയോ) ........................................ 7
2. കൊടുക്കുക (Ascription) ........................................ 7
3. സമർപ്പണം (Gk. Eusebeo) ........................................ 9
4. സേവനം (Gk. Latreuo) ........................................ 10

## നാം എങ്ങനെ ആരാധിക്കുന്നു? ........................................ 12
## തിരുവെഴുത്തിലില്ലാത്ത ആചാരങ്ങൾ ........................................ 12

1. ശവസംസ്കാര ആരാധന? ........................................ 12
2. സഭാ കൂടി വരവിൽ അല്ലാതെ തിരുവത്താഴം ഭക്ഷിക്കുന്നത് ശരിയാണോ? ........................................ 13
3. ഒരു പൂർവ്വസമ്പ്രദായം അഥവാ ആചാരം ഒരു ഉപദേശം ആയ്തീരുവാൻ കഴിയുമോ? ........................................ 14
4. നാം ആരാധിക്കുന്നത് എവിടെ? ........................................ 14
5. ആരാധനയ്ക്ക് സമയം ഉണ്ടോ? അതോ അതും ഇല്ലായ്മ ചെയ്തുവോ? ........................................ 15
6. സഭയിൽ മാത്രമാണോ നാം കർത്താവിന്റെ അത്താഴം ഭുജിക്കുവാൻ കൂടിവരുവാൻ പാടുള്ളൂ? ... 16
7. അപ്പം നുറുക്കുന്നതിന് ഒരു സ്ഥലത്ത് മാത്രമാണോ കൂടിവരുവാൻ നമുക്ക് കഴിയുകയുള്ളു? ...... 16
8. സഭാ ജീവിതത്തിൽ ഞായറാഴ്ചയുടെ പ്രാധാന്യം എന്താണ്? ........................................ 16
9. ആരാധന, കർത്താവിന്റെ അത്താഴം ഇവ സംബന്ധിച്ച് എന്തെങ്കിലും ആശയക്കുഴപ്പം ഉണ്ടോ?..... 17

# ക്രിസ്തീയ ആരാധന

**ഡോ. സൈലസ് സി. നായർ**
M Div., Th D., Ph D.

## മുഖവുര

കനാൻദേശം അബ്രഹാമിനു ദൈവം വാഗ്ദത്തം ചെയ്തു. എന്നാൽ അബ്രഹാമിന്റെ *സന്തതി സ്വന്തമല്ലാത്ത ദേശത്ത് നാനൂറു സംവത്സരം പ്രവാസികളായിരുന്നു ആ ദേശക്കാരെ സേവിക്കും;* (ഉൽപ്പ. 15:13) എന്ന് അവനോട് പറഞ്ഞു. നാനൂറു വർഷത്തെ അടിമ ജീവിതത്തിൽ യഹോവ അവരെ ഒരു രാഷ്ട്രമാക്കി ത്തീർക്കുകയും വീണ്ടെടുക്കുകയും ചെയ്തു. പിന്നീട് ന്യായപ്രമാണം നൽകിയപ്പോൾ അവൻ ഒന്നാമത് അരുളിച്ചെയ്തു:

- ഞാൻ നിന്റെ ദൈവമായ യഹോവയാകുന്നു
- ഞാൻ അടിമവീടായ മിസ്രയീം ദേശത്തു നിന്ന് നിന്നെ കൊണ്ടുവന്നു
- ഞാനല്ലാതെ അന്യദൈവം നിനക്ക് ഉണ്ടാകരുത്
- ഒരു വിഗ്രഹം ഉണ്ടാക്കരുത്
- അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുത്. (പുറ. 20:1-5).

വീണ്ടെടുക്കപ്പെട്ട ജനം അവരുടെ ദൈവത്തെ ആരാധിക്കുകയും സേവിക്കുകയും ചെയ്യും; വീണ്ടെടു ക്കപ്പെട്ടവർ മാത്രം അത് ചെയ്യും. പുറപ്പാട് വീണ്ടെടുപ്പിന്റെ പുസ്തകമാണ്, അടുത്തത് ലേവ്യാപുസ്തകം ആരാധനയുടെ പുസ്തകമാണ്. വിശദമായ നിയമങ്ങളും ആചാരങ്ങളും അവരുടെ ദൈവത്തെ ആരാധിക്കു ന്നതിന് നൽകി.

പത്തു കൽപനകൾ സ്വീകരിക്കേണ്ടതിനു വേണ്ടി മോശെ ദൈവത്തിന്റെ പർവ്വതത്തിൽ ആയിരുന്ന പ്പോൾ തന്നെ യിസ്രയേൽ ഒന്നാമത്തെ കൽപ്പന ലംഘിച്ചു. പർവ്വതത്തിൽ നിന്ന് വരുവാൻ മോശെ താമസി ക്കുന്നു എന്ന് ജനം കണ്ടപ്പോൾ, അവർക്ക് ഒരു ദൈവത്തെ ഉണ്ടാക്കുവാൻ അവർ അഹരോനോട് അപേക്ഷിച്ചു. അഹരോന്റെ വാക്കുകേട്ട് ജനം അവരുടെ കാതിൽ നിന്നു പൊൻകുണുക്കു പറിച്ചു കൊണ്ടു വന്നു, അഹരോൻ അതുകൊണ്ട് കാളക്കുട്ടിയെ ഉണ്ടാക്കിയിട്ട് പറഞ്ഞു: *യിസ്രായേലേ, ഇത് നിന്നെ മിസ്രയീം ദേശത്തു നിന്നു കൊണ്ടുവന്ന നിന്റെ ദൈവം ആകുന്നു* (പുറ. 32: 1-5). സത്യദൈവത്തെ അവർ തെറ്റായ രീതിയിൽ ആരാധിച്ചു.

ആത്മീയ പരിജ്ഞാനത്തിൽ നിന്നും ദൈവാരാധനയിൽ നിന്നും ഇപ്രകാരം യിസ്രയേൽ മനഃപ്പൂർവ്വ മായ തിരിഞ്ഞു കളഞ്ഞു. ആ വിഗ്രഹത്തെ മുന്നിൽ വച്ചുകൊണ്ട് അഹരോൻ യഹോവയ്ക്ക് ഉത്സവം പ്രഖ്യാപിച്ചു. എന്തൊരു വിരോധാഭാസം! അവരുടെ സ്വന്ത ദൈവങ്ങളെ സേവിച്ചപ്പോൾ അവർ യഹോ വയെ ഭയപ്പെട്ടു. ഒരുവന്റെ പരിധിയ്ക്കുള്ളിലേക്ക് ദൈവത്തെ കൊണ്ടുവരുവാനുള്ള ഒരു പ്രയത്നമാണ് വിഗ്രഹാരാധന എന്നത്. ഇതിൽ ആത്മീയമായ യാതൊരു അദ്ധ്വാനവുമില്ല. അവരുടെ ദൃഷ്ടിയുടെയും, കൈകളുടെയും നാവിന്റെയും പ്രഭാവത്തെ പകരമാക്കി വച്ചു. എത്ര അനന്തമായ അന്തരമാണ് സ്വർണ ത്തിന്റെ കാളക്കുട്ടിയും ദൈവത്തിന്റെ കുഞ്ഞാടും തമ്മിൽ. *ദൈവത്തിന്റെ കുഞ്ഞാടേ, ഞങ്ങൾ ദേഹി നിന്നെ ആരാധിക്കുന്നു!*

ശമര്യ സ്ത്രീയോട് സംസാരിക്കുന്ന നമ്മുടെ കർത്താവിനെക്കുറിച്ച് യോഹന്നാൻ അപ്പോസ്തലൻ എഴുതുന്നു (യോഹ.4). സ്ത്രീയോടുള്ള അവന്റെ സംവാദത്തിൽ കർത്താവ് അവളുടെ അവളുടെ അന്തരാ ത്മാവിനെ തൊട്ട് പാപങ്ങളെ അവളുടെ ഓർമയിലേക്ക് കൊണ്ടുവന്നു. ആ വിഷയത്തിൽ നിന്ന രക്ഷപ്പെടു വാനുള്ള അവളുടെ കഠിന ശ്രമത്തിൽ അവൾ പെട്ടെന്ന് വിഷയം മാറ്റി എവിടെയാണ് ഒരാൾ ആരാധിക്കേ ണ്ടത്, യരുശലേമിലാണോ, അതോ ശമര്യക്കാർ ആരാധിക്കുന്ന ഗെരിസീം മലയിലാണോ എന്ന് അവ നോട് ചോദിക്കയും ചെയ്തു. കർത്താവ് അവളോട് ഉത്തരം പറഞ്ഞു: *നിങ്ങൾ അറിയാത്തതിനെ നമസ്ക*

*രിക്കുന്നു.* ഒരാൾ പറഞ്ഞപ്രകാരം: *അഥേനയിലെപ്പോലെ അജ്ഞാത ദേവനുള്ള ഒരു വേദിക്കല്ല് ഗെരിസീമിലും ഉണ്ടായിരുന്നു.* കർത്താവുമായി ഒരു ഉടമ്പടി ബന്ധത്തിലേക്ക് നിങ്ങൾ വരികയും അവനെ ജീവിതാനുഭവിക്കുകയും ചെയ്തില്ല എങ്കിൽ സത്യദൈവത്തെ ആരാധിക്കുക അസാദ്ധ്യമാണ്.

അശ്ശൂർ രാജാവ് ബാബേൽ, കൂഥാ, അവ്വ, ഹമാത്ത്, സെഫർവ്വയീം എന്നിവിടങ്ങളിൽ നിന്ന് ആളുകളെ വരുത്തി യിസ്രായേൽ മക്കൾക്കു പകരം ശമര്യാ പട്ടണങ്ങളിൽ പാർപ്പിച്ചു (2 ശമു. 17:24). ആ ദേശത്തിലെ ദൈവത്തിന്റെ മാർഗം അറിയായ്കകൊണ്ട് അവൻ യഹോവയുടെ പുരോഹിതന്മാരിൽ ഒരുത്തനെ ആദേശത്തിലെ ദൈവത്തിന്റെ മാർഗ്ഗം ഉപദേശിക്കേണ്ടതിന് കൊണ്ടുവന്നു. അവർക്ക് അറിയാത്ത ഒരു ദൈവത്തെ എങ്ങനെ അവർക്ക് ആരാധിക്കുവാൻ കഴിയും? ആരാധന ആത്മീകമാണ് അത് കേവലം വാക്കുകളും പ്രവൃത്തികളും മാത്രമല്ല. സിംഹത്താൽ നശിക്കാതിരിക്കുക എന്ന ലക്ഷ്യത്തിനു വേണ്ടി മാത്രമുള്ള ഉപാധിയായിരുന്നു അവർക്ക് ആരാധന. ആരാധന വരേണ്ടത് ഒരു വ്യക്തിയുടെ അസ്തിത്വത്തിന്റെ കേന്ദ്രത്തിൽ നിന്നാണ്. പ്രവാചകന്റെ ശബ്ദവും ആചാരങ്ങളുടെ എല്ലാ പ്രതീകാത്മക അർത്ഥങ്ങളും യഹൂദ ആരാധനയുടെ സവിശേഷതയാണ്. ശമര്യരുടെ ആരാധനയിൽ ഇത് ഇല്ലായിരുന്നു. അജ്ഞാത ദേവനെ ആരാധിക്കുവാൻ അവർക്കു സാദ്ധ്യമായിരുന്നു.

ജാതികളും ദൈവത്തെ ആരാധിച്ചു. അവർ തെറ്റായ ദൈവത്തെ തെറ്റായ രീതിയിൽ ആരാധിച്ചു (റോമ. 1:19-32). അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള രൂപങ്ങളാക്കി വിഗ്രഹങ്ങളെ ആരാധിച്ചു. പ്രകൃതിയിലെ ദൈവത്തിന്റെ വെളിപ്പാടിനെ അവർ തിരസ്കരിച്ചു.

പിശാചിനാൽ പരീക്ഷിയ്ക്കപ്പെടേണ്ടതിന് ആത്മാവ് നമ്മുടെ കർത്താവായ യേശുവിനെ മരുഭൂമിയിലേക്ക് നടത്തി. പിശാച് ലോക രാജ്യങ്ങളും അവയുടെ മഹത്വവും കാണിച്ചിട്ട് അവനെ വീണ് നമസ്കരിച്ചാൽ അത് യേശുവിന് നൽകാമെന്ന് പറഞ്ഞു. കർത്താവ് പറഞ്ഞു, *നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമേ ആരാധിക്കാവൂ* (മത്താ. 4:10). ആരാധന ദൈവത്തിനു മാത്രമുള്ളതാണ്. യേശു ശമര്യാ സ്ത്രീയോട് പറഞ്ഞു, *ദൈവം ആത്മാവാകുന്നു, അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം* (യോഹ. 4:24). മത്തായിയിലേയും യോഹന്നാനിലേയും ഈ രണ്ടു വാക്യങ്ങളിൽ ആരാധനയ്ക്ക് നമുക്ക് ആവശ്യമായത് എല്ലാം ഉണ്ട്. *ആരാധന ക്രിസ്ത്യാനിയുടെ മുഖ്യ ഉദ്യോഗമാണ്* എ.പി.ഗിബ്ബ്സ് എഴുതി. അത്ഭുതത്തിലും ഭയഭക്തിയിലും തന്റെ സ്രഷ്ടാവിന്റെ മുഖത്തേക്ക് ഉറ്റുനോക്കുന്ന മനുഷ്യന് ആനന്ദത്തിന്റെ മഹത്തായ നിമിഷമാണ് ആരാധന. *മിണ്ടാതിരുന്ന് ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾക* (സങ്കീ. 46:10). ആരാധന എന്നത് പരിശുദ്ധനായ ദൈവത്തിന്റെ സന്നിധിയിലേക്ക് ഭയഭക്തി ബഹുമാനത്തോടെ പ്രവേശിക്കുന്നതും അവന്റെ പാദത്തിങ്കൽ സ്തുതിയോടും സ്തോത്രത്തോടും കൂടെ വീഴുന്നതുമാകുന്നു! ദേഹി അതിന്റെ യജമാനനെ കണ്ടതിലുള്ള സംതൃപ്തിയുടെ വൈകാരികാനുഭവമാണ്! വീണ്ടെടുക്കപ്പെട്ട ദേഹിയുടെ ആഴമായ സമർപ്പണത്തിന്റെ പ്രവൃത്തിയാണ് ഇത്. ആസക്തിയായി മാറുന്ന സമർപ്പണമാണ് ഇത്! യഹോവയുടെ സൗന്ദര്യം ദർശിപ്പാനുള്ള ദാവീദിന്റെ എരിയുന്ന വാഞ്ഛയാണ് (സങ്കീ. 27:4). ഇത് നല്ല അംശം തിരഞ്ഞെടുത്തതിൽ മറിയ കണ്ടെത്തിയ സംതൃപ്തിയാണ് (ലൂക്കോ. 10:41). സ്വർഗത്തിലെ ജോലിയാണ് ഇത്. ഈ ഗാഢമായ സ്നേഹം ഒരു വ്യക്തിയുടെ ദേഹിയെ ക്രമേണ രൂപാന്തരപ്പെടുത്തുന്നതാണ്. ദൈവത്തെ സത്യമായി ആരാധിക്കുന്ന ഒരു വ്യക്തി വീണ്ടും ഒരിക്കലും പഴയ വ്യക്തിയായിരിക്കുകയില്ല!

ദൈവത്തിന്റെ ചിന്തകളാൽ പൂർണമായി സമർപ്പിക്കപ്പെട്ട ദേഹിയിൽ ആരാധന ആരംഭിക്കുന്നു. *എന്റെ ഹൃദയം ശുഭവചനത്താൽ കവിയുന്നു; എന്റെ കൃതി രാജാവിനു വേണ്ടിയുള്ളത് എന്ന് ഞാൻ പറയുന്നു*- ദൈവത്തെക്കുറിച്ചുള്ള ശുഭവചനം, എനിക്ക് അവൻ ആരായിരിക്കുന്നു, അവൻ എന്തു ചെയ്തിരിക്കുന്നു. എനിക്കു നിശബ്ദനായിരിക്കുവാൻ കഴിയാത്ത ഒരു സന്ദർഭം ഇവിടെ വരുന്നു. (സങ്കീ. 45:1). ഇത് ഹൃദയം നിറഞ്ഞു കവിയുന്ന ഭയഭക്തിയിൽ നാവിൽ പ്രവഹിക്കുന്നതാണ്.

ചില വർഷങ്ങൾക്കു മുമ്പ് ഇന്ത്യയിൽ പൂർണ്ണ സൂര്യഗ്രഹണം ഉണ്ടായി. ആ ദിവസം എന്താണ് സംഭവിക്കുവാൻ പോകുന്നതെന്ന് ജ്യോതിശാസ്ത്രജ്ഞരും ശാസ്ത്രജ്ഞന്മാരും പല ദിവസങ്ങൾ മുമ്പ് നമ്മോട് പറഞ്ഞു. മദ്ധ്യാകാശത്തിലെ *വജ്രവലയ പ്രതിഭാസത്തെ* നിരീക്ഷിക്കുവാൻ പ്രത്യേകമായി അവർ നമ്മോടു പറഞ്ഞു. കുറച്ച് എക്സ്-റേ ഫിലിം പാളികളാൽ സുരക്ഷിതനായി ഞാൻ നിരീക്ഷിക്കുവാനായി മട്ടുപ്പാവിലേക്ക് പോയി. നട്ടുച്ചയ്ക്ക് സൂര്യൻ ആകാശത്ത് ഒരു കറുത്ത ഗോളമായിത്തീർന്നു. ഞങ്ങൾ

ആകാംഷയോടെ, പ്രതീക്ഷയോടെ നോക്കുമ്പോൾ, ഗ്രഹണം ക്രമേണ ഒഴിയുമ്പോൾ, സൂര്യന്റെ തേജസ് കറുത്ത ഗോളത്തിലൂടെ സാവധാനം ഒളി വിതറി. അതായിരുന്നു വജ്രവലയ പ്രതിഭാസം. ഭയഭക്തി നിറഞ്ഞ ഹൃദയത്തിൽ നിന്ന് പുത്രന്റെ മഹത്വം പുറപ്പെട്ടു വരുന്നതാണ് ആരാധന. ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സ് വെളിച്ചം കാണുവാൻ കഴിയാതിരിക്കേണ്ടതിന് കുരുടാക്കിയിരിക്കുന്നു. എന്നാൽ *ഇരുട്ടിൽ നിന്ന് വെളിച്ചം പ്രകാശിക്കേണം എന്നു അരുളിച്ചെയ്ത ദൈവം യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങിക്കേണ്ടതിന് ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു.* (2 കൊരി. 4:4,6). ദൈവതേജസ്സിന്റെ പരിജ്ഞാനത്തിന്റെ പ്രകാശം ഉള്ള ഒരു വിശ്വാസി എങ്ങനെ നിശബ്ദനായിരിക്കുവാനാകും? ആരാധന വിശ്വാസിക്ക് സ്വാഭാവികമായുള്ളതാണ്.

ആത്മാവിലും സത്യത്തിലും ഉള്ളതാണ് ആരാധന. ആത്മാവില്ലാത്ത സത്യത്തിലുള്ള ആരാധന കേവലം ആചാരം മാത്രമാണ്. പല സഭാ വിഭാഗങ്ങളിലും ഇതു നിങ്ങൾ കാണുന്നു. സത്യമില്ലാതെ ആത്മാവിലുള്ള ആരാധന മതഭ്രാന്താണ്. പല കരിസ്മാറ്റിക് കൂട്ടങ്ങളിലും നാം ഇത് കാണുന്നില്ലയോ? സത്യത്തിലും ആത്മാവിലും (യോഹ. 4: 23) – ഇതിനു രണ്ടിനും ഇടയ്ക്കാണ് സത്യാരാധന കിടക്കുന്നത്. *തന്നെ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കേണം എന്ന് പിതാവ് ഇച്ഛിക്കുന്നു.* ദൈവം എന്നിൽ നിന്ന് മറ്റ് എന്തിനെക്കാളും ആരാധന വാഞ്ഛിക്കുന്നു!

ആരാധനയെക്കുറിച്ച് നമ്മെ പഠിപ്പിക്കേണ്ടതിന് ഗ്രീക്ക് പുതിയനിയമം നമുക്കു മുമ്പാകെ നാല് വത്യസ്ഥ പദങ്ങൾ കൊണ്ടുവരുന്നു. ആരാധന (ഗ്രീക്ക് *പ്രോസ്കുനെയോ*); മഹത്വം കൊടുക്കുക (ഗ്രീക്ക് *ഡോക്സാ*); സമർപ്പണം (ഗ്രീക്ക് *യൂസെബിയോ*); സേവനം (ഗ്രീക്ക് *ല്യൂട്രോ*) എന്നിവയാണവ.

## ആരാധനയുടെ അർത്ഥം

### 1. ആരാധന (പ്രോസ്കുനെയോ. ഗ്രീക്ക്)

ഇതിനർത്ഥം ആദരിക്കുക, നമസ്കരിക്കുക എന്നെല്ലാമാണ്: (പ്രോസ് = നേർക്ക്), കുനെയോ = ചുംബിക്കുക) – W.E.Wine

അക്ഷരാർത്ഥത്തിൽ, ബഹുമാനത്തോടും, ആദരവോടും കൂടെ ഒരു വ്യക്തിയെ (പാദത്തിൽ) ചുംബിക്കുക എന്നാണ്. പുരാതന പൗരസ്ത്യ (വിശേഷാൽ പാർസികൾ) രീതിയിൽ തുല്യപദവിയുള്ളവർ തമ്മിൽ വന്ദനം ചെയ്യുന്നത് അധരങ്ങളിൽ ചുംബിച്ചുകൊണ്ടായിരുന്നു; പദവികളുടെ അന്തരം ലഘുവായിരുന്നാൽ കപോലങ്ങളിൽ അവർ ചുംബിച്ചു; ഒരുവൻ വളരെ കീഴെയുള്ളവനായിരുന്നാൽ, അവൻ മുഴങ്കാലിൽ വീണ് തന്റെ നെറ്റി തറയിൽ മുട്ടിച്ച് സാഷ്ടാംഗ പ്രണാമം ചെയ്തു. പുതിയനിയമത്തിൽ പൊതുവെ, ബഹുമാനവും ആദരാഞ്ജലിയും ഒരുവന് അർപ്പിക്കുവാൻ, സാധാരണയായി മുട്ടുകുത്തുകയോ അവന്റെ മുമ്പിൽ സാഷ്ടാംഗം വീണ് നമസ്കരിക്കുകയോ ചെയ്യുന്നു. –Spiros Zodhiates

ഈ പദം *ആരാധന എന്ന പ്രവൃത്തിയെക്കുറിച്ചു* പറയുന്നു.

മത്തായി എഴുതിയ സുവിശേഷം ദൈവപുത്രനെ യഹൂദന്മാരുടെ രാജാവായി അവതരിപ്പിക്കുന്നു. ഈ സുവിശേഷത്തിൽ ഏഴു സന്ദർഭങ്ങളിൽ വിവിധ ജനം കർത്താവിന്റെ മുമ്പാകെ വരികയും അവനെ നമസ്കരിക്കുകയും ചെയ്യുന്നു. ഈ സന്ദർഭങ്ങൾ ആരാണ് നമസ്കരിച്ചതെന്നും എങ്ങനെയാണ് അവർ യേശുക്രിസ്തുവിനെ നമസ്കരിച്ചതെന്നും കാണിക്കുന്നു.

* *യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവനെ നമസ്കരിപ്പാൻ വന്നിരിക്കുന്നു* (മത്തായി. 2: 2). അവർ ബേത്ലഹേമിൽ വീട്ടിൽ വന്ന് *ശിശുവിനെ അമ്മയായ മറിയയോടു കൂടെ കണ്ടു, വീണ് അവനെ നമസ്കരിച്ചു; നിക്ഷേപ പാത്രങ്ങളെ തുറന്നു അവന്നു പൊന്നും കുന്തുരുക്കവും മൂരും കാഴ്ചവെച്ചു* (വാ. 11). അവർ അവനെ രാജാവെന്ന നിലയിൽ അന്വേഷിച്ചു, ഇപ്പോൾ അവനെ രാജാവായി അവർ ആരാധിച്ചു. അവർ അവരെത്തന്നെ രാജാവിന്റെ അധികാരത്തിനു സമർപ്പിച്ചു. അവർ വീണു നമസ്കരിച്ചു. അവർ സമർപ്പിച്ച ആദരവും അവർ നൽകിയ സമ്മാനങ്ങളും രാജാവിന് ഉചിതമായ കപ്പമായിരുന്നു. പൊന്ന് അവന്റെ സ്വർഗീയവും രാജകീയവുമായ മഹത്വത്തെ സൂചിപ്പിക്കുന്നു. അവൻ

ദൈവം മനുഷ്യ ജഡത്തിൽ വന്നവനാണ്. കുന്തുരുക്കം പാപമില്ലാത്ത അവന്റെ സമ്പൂർണ ജീവിതത്തെക്കുറിച്ചു പറയുന്നു. മൂർ അറബി ദേശത്തെ സുഗന്ധച്ചെടിയുടെ സുഗന്ധപ്പശയാണ്; അത് ശവസംസ്കാരത്തിന് ഉപയോഗിക്കുന്നു. രാജാവ് പ്രജകൾക്കുവേണ്ടി തന്റെ ജീവനെ അർപ്പിക്കുവാൻ വന്നവനായിരുന്നു. അതുകൊണ്ട് ഇത് അവന്റെ മരണത്തിന്റെ ഒരു സാക്ഷിയാണ്. നിക്കോദേമോസ് മൂരും സുഗന്ധവർഗവും ചേർന്ന ഒരു മിശ്രിതം അവനെ പൂശുവാൻ കൊണ്ടുവന്നു (യോഹ.19:39).

* മത്തായി അഞ്ചു മുതൽ ഏഴുവരെ അദ്ധ്യായങ്ങൾ നമുക്ക് രാജ്യത്തിന്റെ തത്വങ്ങളെയും പ്രജകളായിരിക്കുന്നവരുടെ സ്വഭാവങ്ങളെയും നൽകുന്നു. അവൻ നിർവ്വഹിച്ച അത്ഭുതങ്ങളിൽ രാജാവിന്റെ ശക്തിയുടെ വെളിപ്പാട് അത്രെ എട്ടും ഒൻപതും അദ്ധ്യായങ്ങൾ. ഒന്നാമത്തെ അത്ഭുതം ഒരു കുഷ്ഠരോഗിയെ ശുദ്ധമാക്കുന്നതാണ് അത് പാപത്തിന്റെ പരിണിതഫലം അകറ്റുവാനുള്ള അവന്റെ ശക്തിയെ പ്രകടമാക്കുന്നു. *അപ്പോൾ ഒരു കുഷ്ഠരോഗി വന്നു അവനെ നമസ്കരിച്ചു (ആരാധിച്ചു) കർത്താവേ, നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും എന്നു പറഞ്ഞു* (8:2). ഒരു കുഷ്ഠരോഗി ബഹിഷ്കരിക്കപ്പെട്ടവനാണ്, അവന്റെ സ്ഥാനം പാളയത്തിന് പുറത്താണ്. അതുപോലെ ഓരോ പാപിയും പാളയത്തിനു പുറത്താണ്. രാജാവ് പരിശുദ്ധനാണ്, അവന്റെ പ്രജകളും പരിശുദ്ധരായിരിക്കണം. യേശുക്രിസ്തുവിന്റെ ശുദ്ധീകരണ ശക്തിയ്ക്ക് സമർപ്പിക്കുന്നവർ മാത്രമാണ് അവനെ ആരാധിക്കുന്നതിന് യോഗ്യർ.
* അടുത്തത് ഭരണകർത്താവാണ് മത്താ.9:18. ഭരണകർത്താവ് ഭരിക്കുവാൻ അധികാരമുള്ളവനാണ്. അവന്റെ കീഴിൽ ഉള്ളവർ അവന് മുമ്പാകെ തങ്ങളെ സമർപ്പിക്കുന്നു. യേശു കേവലം മനുഷ്യനല്ല, മറിച്ച് മരണത്തിന്മേലും അധികാരമുള്ളവനാണ് എന്ന് അവർ അംഗീകരിക്കുന്നു. അവൻ യേശുവിങ്കലേക്ക് വരികയും, *എന്റെ മകൾ ഇപ്പോൾ തന്നെ കഴിഞ്ഞു പോയി, എങ്കിലും, നീ വന്ന് അവളുടെമേൽ കൈവച്ചാൽ അവൾ ജീവിക്കും എന്നു പറഞ്ഞ്* അവനെ നമസ്കരിക്കുന്നു (ആരാധിക്കുന്നു). യേശു അവളെ സൗഖ്യമാക്കി ജീവിപ്പിച്ചു. ആരാധിക്കുന്നതിൽ ആ പ്രമാണി യേശുവിന്റെ അധികാരത്തിൻ കീഴിൽ സ്വയം സമർപ്പിച്ചു.
* മത്താ. 14:33. യേശു കർത്താവിന്റെ ശിഷ്യന്മാർ രാത്രിയിൽ ഒരു പടകിൽ തിരകളാൽ ഇളകിമറിയുന്ന കടലിലായിരുന്നു. യേശു കടലിൻ മീതെ നടന്ന് അവരുടെ അടുക്കലേക്ക് വന്നു; അപ്പോൾ പത്രോസ് അവനെ തിരിച്ചറിഞ്ഞു, കടലിന്മീതെ നടക്കുവാൻ തന്നെ അനുവദിക്കണമെന്ന് കർത്താവിനോട് അവൻ അപേക്ഷിച്ചു. പത്രോസ് കടലിൽ നടന്നു. എന്നാൽ കടലിനാൽ സംഭീതനായി അവൻ മുങ്ങുവാൻ തുടങ്ങി, അപ്പോൾ യേശു കൈനീട്ടി അവനെ പിടിച്ചു. കാറ്റ് നിലച്ചു പടകിലുണ്ടായിരുന്നവർ വന്ന് *നീ ദൈവപുത്രൻ സത്യം എന്നു പറഞ്ഞ് അവനെ നമസ്കരിച്ചു* (മത്താ.14:33). മറ്റൊരു സന്ദർഭത്തിൽ യേശു കടലിനോട് ശാന്തമാകുവാൻ കല്പിച്ചപ്പോൾ അവർ അത്ഭുതപ്പെട്ടു: *കാറ്റും കടലും കൂടെ ഇവനെ അനുസരിക്കുന്നുവല്ലോ, ഇവൻ ആർ എന്നു പറഞ്ഞു.* (മർക്കോ. 4:41). ഇതാ അവർ അവനെ ദൈവമായി ഏറ്റുപറഞ്ഞ് അവനെ നമസ്കരിച്ചു (ആരാധിച്ചു).
* ഒരിക്കൽ ഒരു കനാന്യസ്ത്രീ ഭൂതോപദ്രവത്തിൽ നിന്ന് തന്റെ മകളെ ശുദ്ധമാക്കണം എന്ന് അപേക്ഷിച്ചുകൊണ്ട് കർത്താവിന്റെ അടുക്കൽ വന്നു (മത്താ. 15:21-28). അവൻ ഉത്തരം നൽകാതിരുന്നപ്പോൾ അവൾ വരികയും അവനെ നമസ്കരിക്കുകയും അവളെ സഹായിക്കുവാൻ അവനോട് അപേക്ഷിക്കുകയും ചെയ്തു. യജമാനന്റെ മേശമേൽ നിന്നു വീഴുന്ന കഷണങ്ങൾ പെറുക്കുന്ന നായ്ക്കുട്ടിയുടെ സ്ഥാനം അവൾ എടുക്കുവാൻ മനസ്സുള്ളവളായിരുന്നു. അവളുടെ വലിയ വിശ്വാസത്തെ കർത്താവ് പ്രശംസിക്കുകയും അവളുടെ മകളെ സൗഖ്യമാക്കുകയും ചെയ്തു. യേശുക്രിസ്തുവിൽ വിശ്വാസമുള്ളവർ അവനെ ആരാധിക്കുന്നു.
* സെബദിപുത്രന്മാരുടെ അമ്മ വന്ന് യേശുവിനെ നമസ്കരിച്ചുകൊണ്ട് അവളുടെ പുത്രന്മാർക്ക് ഉപകാരം ചെയ്യേണ്ടതിന് ചോദിച്ചു (മത്താ. 20:20-23). ക്രിസ്തുവിന്റെ അവകാശത്തെ അവൾ തിരിച്ചറിഞ്ഞു അവനെ ആരാധിച്ചു.
* അവസാനത്തെ സന്ദർഭം മത്തായി 28 ൽ ആകുന്നു. യേശുക്രിസ്തു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റു. അവൻ തന്റെ ശിഷ്യന്മാർക്ക് സ്വയം പ്രത്യക്ഷനായി. അപ്പോൾ അവർ വന്ന് അവന്റെ കാൽ പിടിച്ച് അവനെ നമസ്കരിച്ചു (വാക്യം 9, 17). കർത്താവായ യേശുക്രിസ്തു കല്ലറയിലല്ല. അവൻ ഉയിർത്തിരിക്കുന്നു, ദൈവം അവനെ കർത്താവും ക്രിസ്തുവുമാക്കിയിരിക്കുന്നു (അപ്പോ. പ്രവൃ. 2:36). തേജസ്കരിക്കപ്പെട്ട ഒരു കർത്താവിനെ നാം ആരാധിക്കുന്നു.

മത്തായി എഴുതിയ സുവിശേഷത്തിലെ ഈ ഏഴു സന്ദർഭങ്ങൾ നമ്മെ പഠിപ്പിക്കുന്നത് ആരാധനയ്ക്ക് അർഹമായിരിക്കുന്നത് അവനാണ്, അവർ വന്ന് അവന്റെ മുമ്പാകെ വീണ് അവനെ നമസ്കരിച്ചു (ആരാധിച്ചു).

**2. കൊടുക്കുക (Ascription)**

രണ്ടാമത്തെ വാക്ക് കൊടുക്കുക (Ascription) എന്നതാണ്. മഹത്വം കൊടുക്കുക എന്നാൽ *മഹത്വമുള്ള തായി കണക്കാക്കുക എന്നാണ്. ദൈവാരാധന തിരുവെഴുത്തിൽ ഒരിടത്തും നിർവചിച്ചിട്ടില്ല. വിവിധ ക്രീയാപദങ്ങളുടെ വിചിന്തനം കാണിക്കുന്നത് ഇത് സ്തുതിയിൽ പരിമിതപ്പെടുന്നില്ല എന്നാണ്; വിശാ ലമായി, അവന്റെ സ്വഭാവത്തിന്റെയും, പ്രകൃതിയുടെയും, വഴികളുടെയും അവകാശവാദങ്ങളുടെയും, ഹൃദ യംഗമമായ സ്തുതിയിലും സ്തോത്രത്തിലും അതല്ലെങ്കിൽ അപ്രകാരം അംഗീകരണത്തിൽ നിന്നു ചെയ്യുന്ന പ്രവൃത്തിയാലും ദൈവത്തോട് നേരിട്ടുള്ള അംഗീകരണമായി ഇതിനെ കണക്കാക്കാം.* (ഡബ്ല്യു. ഇ. വൈൻ) നമ്മുടെ കർത്താവ് പറഞ്ഞു: *നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ.* ആരാധന അവനു മാത്രമുള്ളതാണ് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

പഴയനിയമത്തിൽ നിന്ന് രണ്ടു വാക്യങ്ങൾ പരിശോധിക്കാം: *യഹോവയ്ക്ക് അവന്റെ നാമത്തിന്റെ മഹത്വം കൊടുപ്പിൻ* (ascribe NIV); *വിശുദ്ധാലങ്കാരം ധരിച്ചു യഹോവയെ നമസ്കരിപ്പിൻ* (സങ്കീ. 29:2). *ജാതികളുടെ കുലങ്ങളെ യഹോവയ്ക്ക് കൊടുപ്പിൻ; മഹത്വവും ബലവും യഹോവയ്ക്കു കൊടുപ്പിൻ* (ascribe NIV). *യഹോവയ്ക്കു അവന്റെ നാമത്തിനു തക്ക മഹത്വം കൊടുപ്പിൻ; തിരുമുൽകാഴ്ചയുമായി അവന്റെ പ്രാകാരങ്ങളിൽ ചെല്ലുവിൻ* (സങ്കീ. 96:7,8).

ഈ രണ്ടു വാക്യങ്ങളിൽ രണ്ടു വസ്തുതകൾ മുഖ്യമായിരിക്കുന്നു. ദൈവം ദൈവമായിരിക്കുന്നതിൽ ചില കാര്യങ്ങൾ അവനുള്ളതായി മാത്രം ഇരിക്കുന്നു. അത് ദൈവത്തിനു മാത്രം ഉചിതമായിരിക്കുന്നതും യോജിക്കുന്നതുമാണ്. ആ വിശിഷ്ട ആശയം എന്തെന്നാൽ ഇത് മറ്റാർക്കും യോജിക്കുന്നില്ല എന്നതാണ്. അതുകൊണ്ട്, ഒന്നാമത്തെ ആശയമെന്നത് ദൈവം ആരായിരിക്കുന്നു എന്നതിനും എന്ത് അവൻ ചെയ്തി രിക്കുന്നതു എന്നതിനും അർഹമായ ബഹുമാനം ദൈവത്തിനു നൽകുക എന്നതാണ്. ഇത് അവന്റെ നാമ ത്തിന് അർഹിക്കുന്ന മഹത്വം നൽകുന്നതാണ്. അടുത്ത ആശയം അവന് മഹത്വം നൽകുന്നതിൽ ആരാധ കൻ സ്തോത്രകാഴ്ച കൊണ്ടുവരുന്നതാണ്. യഹോവ അരുളിച്ചെയ്തു: *നിന്റെ ദൈവമായ യഹോവ തിര ഞ്ഞെടുക്കുന്ന സ്ഥലത്ത് നിന്റെ ആണുങ്ങളൊക്കെയും പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുനാളിലും വാരോ ത്സവത്തിലും കുടാരപ്പെരുനാളിലും ഇങ്ങനെ സംവത്സരത്തിൽ മൂന്നു പ്രാവശ്യം അവന്റെ സന്നിധിയിൽ വരേണം; എന്നാൽ യഹോവയുടെ സന്നിധിയിൽ വെറുങ്കയ്യായി വരരുത്.* (ആവ. 16:16).

ഉത്കർഷേച്ഛയുള്ള ആതിഥേയന്റെ ഉപമയിൽ കർത്താവ് പറഞ്ഞു, വിരുന്നിൽ സത്ക്കരിക്കപ്പെടുന്ന വർ ഒടുക്കത്തെ ഇരിപ്പിടത്തിൽ ഇരിക്കേണം അപ്പോൾ ക്ഷണിച്ചവൻ വരുമ്പോൾ അവൻ അവനെ മുഖ്യ ഇരിപ്പിടത്തിലേക്ക് കൊണ്ടുപോകും അങ്ങനെ നിന്നോടൊപ്പം പന്തിയിൽ ഇരിക്കുന്നവരുടെ സന്നിധി യിൽ മാനം (ആരാധന) ഉണ്ടാകും (ലൂക്കോ. 14:10). ആരാധന ദൈവത്തിന് ബഹുമാനവും, മഹത്വവും കൊടുക്കുന്നതാണ്. തന്റെ പുത്രന്റെ വ്യക്തിത്വത്തിൽ ദൈവം സ്വയം നമുക്ക് വെളിപ്പെടുത്തിയിരിക്കുന്നു. ദൈവീക വെളിപ്പാടിന് സ്വാഭാവികവും ബുദ്ധിപൂർവ്വകവുമായ പ്രതികരണം മനുഷ്യനിൽ നിന്ന് ആവശ്യമാ ണ്. ഇതാണ് ആരാധന. ദൈവത്തിന് മഹത്വം കൊടുക്കുന്നതിന് അനേക കാരണങ്ങൾ പുതിയനിയമം നമുക്ക് നൽകുന്നു. അവയിൽ ഏഴെണ്ണം താഴെ പരിഗണിക്കപ്പെടുന്നു:

1. *സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ; അവന് എന്നേക്കും മഹത്വം ആമേൻ* (റോമർ 11:36). അപ്പോസ്തലനായ പൗലോസ് ദൈവത്തിന്റെ സുവിശേഷത്തിന്റെ ഒരു ക്രമീകൃ തമായ വിശദീകരണം നൽകിയിരിക്കുന്നു. റോമർ ഒന്ന് മുതൽ മൂന്ന് വരെ മനുഷ്യൻ പാപിയാണെന്ന് താൻ സമർത്ഥിച്ചിരിക്കുന്നു. നാല് മുതൽ അഞ്ച് വരെ നീതിമാനായ ദൈവം ക്രിസ്തുവിന്റെ പ്രവൃത്തി നിമിത്തം അനുതപിക്കുന്ന പാപിയെ എങ്ങനെ നീതീകിരിക്കുന്നു എന്ന് താൻ വിശദീകരിക്കുന്നു. ആറ് മുതൽ എട്ടു വരെ ശുദ്ധീകരണത്തെ താൻ അവതരിപ്പിക്കുന്നു. ജഡത്തിനും ന്യായപ്രമാണത്തിനും ചെയ്യു വാൻ കഴിയാത്തത് ആത്മാവിനാൽ നിവർത്തിക്കപ്പെടുന്നു. അടുത്ത മൂന്ന് അദ്ധ്യായങ്ങൾ യഹൂദന്റെ ഭൂത കാലത്തിലും, വർത്തമാന കാലത്തിലും, ഭാവികാലത്തിലും സർവ്വാധികാരിയായ ദൈവത്തിന്റെ പ്രവൃ ത്തിയെ പറഞ്ഞിരിക്കുന്നു. പതിനൊന്നാം അദ്ധ്യായത്തിന്റെ അവസാനത്തോടുകൂടി ദൈവത്തിന്റെ ജ്ഞാന ത്തിനലും വഴികളിലും താൻ വിസ്മയിച്ചു പോകുകയാണ്. തുടർന്ന്, തന്റെ ഹൃദയത്തിന്റെ സമൃദ്ധിയിൽ നിന്ന് ദൈവത്തിന്റെ സ്തുതികൾ പൊട്ടിപ്പുറപ്പെടുകയാണ്! ദൈവമാണ് സകലത്തിന്റെയും ഉറവിടം.

സകലവും അവന്റെതാണ്. സകലവും അവനാലുമാണ്. അവൻ സകലത്തെയും പുലർത്തുന്നു. തീർച്ചയായും സകലവും അവങ്കലേക്കുമാണ്. സകലത്തിന്റെയും അവസാനവും അവനാണ്. അപ്പോസ്തലൻ ഈ സ്തുതികൾ അർപ്പിക്കുകയാണ്: *സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ; അവനു എന്നേക്കും മഹത്വം ആമേൻ.*

2. *സകല ജ്ഞാനിയായ ദൈവത്തിനു യേശുക്രിസ്തു മുഖാന്തരം എന്നെന്നേക്കും മഹത്വം ഉണ്ടാകട്ടെ, ആമേൻ.* (റോമർ 16:27). ദൈവത്തിനുള്ള സ്തുതിയുടെ രണ്ടാമത്തെ ബഹിർസ്ഫുരണമാണ് റോമർക്കെഴുതിയ ലേഖനത്തിൽ കാണുന്നത്. പന്ത്രണ്ടു മുതൽ പതിനാറ് വരെ അദ്ധ്യായങ്ങൾ വിശുദ്ധന്മാരുടെ ജീവിതത്തിൽ സുവിശേഷത്തിന്റെ പ്രായോഗികത പരാമർശിക്കുന്നു. സുവിശേഷം രക്ഷിക്കുക മാത്രമല്ല, മറിച്ച്, നിലനിർത്തുകയും പാപിയെ അതിന്റെ പൂർത്തീകരണത്തിലേക്ക് കൊണ്ടുവരികയും ചെയ്യുന്നു. നമ്മിൽ നല്ല പ്രവൃത്തി ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികെക്കും (ഫിലി. 1:4). എന്റെ സുവിശേഷ പ്രകാരം നമ്മെ ഉറപ്പിക്കുവാൻ ശക്തിയുള്ളവന് ...... ........ ...... മഹത്വം! ദൈവത്തിന്റെ ജ്ഞാനമാണ് സുവിശേഷം: ഈ ലോകത്തിന്റെ പ്രഭുക്കാന്മാർ ആരും അത് അറിഞ്ഞില്ല; അറിഞ്ഞിരുന്നു എങ്കിൽ അവർ തേജസ്സിന്റെ കർത്താവിനെ ക്രൂശിക്കയില്ലായിരുന്നു. (1 കൊരി. 2:7). ക്രിസ്തുവിന്റെ മരണം മരണത്തിന്റെ മരണമായിരുന്നു. എന്നാൽ ഇത് ക്രിസ്തുവിന്റെ അവസാനമായിരുന്നില്ല. ദൈവം അവനെ ഉയിർപ്പിച്ചു! ഇന്ന് ദശലക്ഷങ്ങൾ ഈ ഉറവയിൽ നിന്ന് കുടിക്കേണ്ടതിന് വേണ്ടി അവങ്കലേക്ക് വരികയും സംതൃപ്തരായ്തീരുകയും ചെയ്യുന്നു. ഹാ, ദൈവത്തിന്റെ ജ്ഞാനം! അവന് മഹത്വം!

3. ഇവിടെ പൗലോസ് വിശ്വാസികളുടെ ശരീരത്തെക്കുറിച്ചു പറയുന്നു. പൊടിയിൽ നിന്ന് ഉണ്ടാക്കിയതാണ് ഇത്- ദൗർബല്യത്തിന്റെ ഒരു ചിഹ്നം (സങ്കീ. 103:14), ഒന്നുമില്ലായ്മയുടെ ഒരു ചിഹ്നം (ഉൽപ്പ. 18:27), അപമാനത്തിന്റെ ഒരു ചിഹ്നം (വിലാ. 3:29; ഇയ്യോ. 42:6), വിലാപത്തിന്റെ ഒരു ചിഹ്നം (യോശു. 7:6), മർത്യതയുടെ ഒരു ചിഹ്നം (സഭാ.3:20). ഇത് ദ്രവത്വത്തിൽ വിതയ്ക്കപ്പെടുന്നു, എന്നാൽ അദ്രവത്വത്തിൽ ഇത് ഉയിർക്കുന്നു, അപമാനത്തിൽ ഇത് വിതയ്ക്കപ്പെടുന്നു, എന്നാൽ മഹത്വത്തിൽ ഉയിർക്കുന്നു; ഇത് ബലഹീനതയിൽ വിതയ്ക്കപ്പെടുന്നു, എന്നാൽ ശക്തിയിൽ ഉയിർക്കുന്നു; പ്രാകൃത ശരീരം വിതയ്ക്കപ്പെടുന്നു, ആത്മീക ശരീരം ഉയിർക്കുന്നു (1 കൊരി. 15: 42-44). ഇത് ദൈവം എങ്ങനെയാണ് ചെയ്യുന്നത്? അവൻ സർവ്വശക്തനാണ്. സകലവും അവന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന് അവന് ശക്തിയുണ്ട്. ആ ശക്തികൊണ്ട് അവൻ നമ്മുടെ താഴ്ചയുള്ള ശരീരങ്ങളെ തന്റെ മഹത്വമുള്ള ശരീരത്തെപ്പോലെ രൂപാന്തരപ്പെടുത്തും. അത് ഇനിയും ഭാവിയിലാണ്. എന്നാൽ ഇന്ന് നമ്മുടെ ആവശ്യങ്ങൾ നമുക്കുണ്ട്. *എന്റെ ദൈവമോ, നിങ്ങളുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിന്നൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തു തരും* (ഫിലി. 4:19). എത്ര വലിയ ദൈവമാണ് നമുക്കുള്ളത്! ക്ഷാമവും ആവശ്യങ്ങളും ഉണ്ടാകാം. ലോകത്തിലെ രാജാക്കന്മാർ പ്രജകൾക്ക് നൽകുന്നതിൽ പരാജയപ്പെട്ടേക്കാം. പക്ഷെ നമ്മുടെ ദൈവം കാക്കകളോട് കൽപ്പിക്കും, അവൻ വിധവമാരോട് കൽപ്പിക്കും, അല്ലെങ്കിൽ അവൻ സ്വർഗത്തിന്റെ കിളിവാതിലുകളെ തുറന്ന് ഓരോ ദിവസവും മന്ന വർഷിക്കും. അവൻ ദൈവമാണ്, അവൻ പരാജയപ്പെടുകയില്ല. അവന് മഹത്വം!

4. യേശുക്രിസ്തു പിതാവിന്റെ ഇഷ്ടം ചെയ്യുവാൻ ലോകത്തിലേക്ക് വന്നു. ഇതിനായിട്ട് അവൻ മനുഷ്യസ്വഭാവത്തിൽ പങ്കാളിയായി (എബ്രാ. 2:14,15). പിതാവ് ഒരുക്കിയ ഈ ശരീരം അവന് മരിക്കുവാൻ ആവശ്യമായിരുന്നു. നമ്മെ ഈ ദുഷ്ടലോകത്തിൽ നിന്ന് വിടുവിക്കേണ്ടതിന് അവൻ നമ്മുടെ പാപങ്ങൾക്കായി സ്വയം നൽകി. അവന്റെ യാഗം കൂടാതെ നാം നിത്യമായി നഷ്ടപ്പെട്ടവരാകുമായിരുന്നു. എന്നാൽ ദൈവത്തിനു സ്തോത്രം, അവൻ പിതാവിന്റെ ഇഷ്ടം നിവർത്തിക്കുകയും അവന്റെ നാമത്തെ മഹത്വപ്പെടുത്തുകയും ചെയ്തു (യോഹ.17:4). *അവന് എന്നേക്കും മഹത്വം, ആമേൻ* (ഗലാത്യ. 1:4,5).

5. നമ്മുടെ ആന്തരിക നിറവിനായും പരിജ്ഞാനത്തിനായും എഫെസ്യ ലേഖനത്തിൽ പൗലോസ് പ്രാർത്ഥിക്കുന്നു (3:13-21). നമ്മുടെ അകത്തെ മനുഷ്യൻ ബലപ്പെടണം എന്നും അങ്ങനെ എല്ലാ വിശുദ്ധന്മാരോടും കൂടെ ദൈവത്തിന്റെ സ്നേഹത്തെ അറിയണം എന്നുമാണ് തന്റെ പ്രാർത്ഥന. അതാണ് ദൈവത്തിന്റെ നിറവിനാൽ നിറയുന്നതിനുള്ള വഴി. അകത്തെ മനുഷ്യനിൽ ആത്മാവിനാൽ നാം ബലപ്പെടുമ്പോൾ നമ്മിലൂടെ പുറപ്പെടുന്ന ശക്തി വളരെ വലുതാണ്. ആത്മീക ബലം നിറയുന്നതിനാൽ, ക്രിസ്തുവിന്റെ അധിവാസത്താലും ദൈവസ്നേഹത്താൽ ഹൃദയത്തിന്റെ സ്ഥിരീകരണത്താലും നമ്മിലേക്ക് കൊണ്ടുവരുന്ന ശക്തിയാണ് ഇത്. എന്തൊരു വൈരുദ്ധ്യമാണ് ഇത്. അജ്ഞേയമായതിനെ അറിയുന്നതിന്! നമുക്ക് നിശ്ചയമായും അവന്റെ സ്നേഹത്തിന്റെ സ്വഭാവം അറിയുവാൻ കഴിയും, അതിന്റെ പരിധി അറിയില്ലെങ്കിലും. അതാണ് നമ്മിൽ പ്രവർത്തിക്കുന്ന ശക്തി. നാം ദൈവത്തിന്റെ സ്നേഹം അറിയുന്നു അങ്ങനെ സ്നേഹവാനായ ദൈവത്തെയും. ഹാ! എന്നെ വിട്ടു കളയാത്ത സ്നേഹം! സ്നേഹവാനായ ദൈവം നമ്മിൽ പ്രവർത്തിക്കുന്നു. സ്വന്തപുത്രനെ ആദരിക്കാതെ നമുക്കു എല്ലാവർക്കും വേണ്ടി ഏൽപ്പിച്ചു

തന്നവൻ അവനോടു കൂടെ സകലവും നമുക്കു നൽകാതിരിക്കുമോ? (റോമ.8:32). നാം ചോദിക്കുന്നതിലും നിനക്കുന്നതിലും അധികാമായി നൽകുവാൻ കഴിയുന്നവനാണ് അവൻ! സഭയിൽ അവന് മഹത്വം ഉണ്ടാകട്ടെ....! അവൻ വ്യക്തികളായും സഭയായി ഒത്തൊരുമിച്ചും നമ്മെ നിലനിർത്തുന്നു! ആമേൻ!

6. ഇത് പൗലോസിന്റെ സാക്ഷ്യമാണ്. പൗലോസ് ദൈവദൂഷകനും, പീഢകനും അപകടകാരിയുമായിരുന്നു. എന്നാൽ അവൻ അത് അറിവില്ലായ്മയിൽ ചെയ്തു, അവന് കരുണ ലഭിച്ചു. ദൈവം തന്റെ കരുണയിൽ എത്ര സമ്പന്നനാണ്! അവൻ സൗജന്യമായി ക്ഷമിച്ചു. എന്നാൽ ദൈവം അതിനപ്പുറമായി ചെയ്തു. അവൻ പൗലോസിനെ വിശ്വസ്തൻ എന്ന് എണ്ണി ശുശ്രൂഷ ഭരമേൽപ്പിച്ചു. ജോൺ കാൽവിന്റെ വാക്കുകളിൽ, കടിച്ചുകീറുന്ന ചെന്നായ് ആട്ടിൻകുട്ടിയായി രൂപാന്തരപ്പെട്ടു, എന്നിട്ട് ആട്ടിടയനായും! ദൈവത്തിനു മാത്രമേ ഈ രൂപാന്തരീകരണം സാദ്ധ്യമാക്കുവാൻ കഴിയൂ, അവൻ അത് ചെയ്തു. ദൈവം ഇത് ചെയ്തത് തന്റെ ദീർഘക്ഷമ കാണിക്കേണ്ടതിനും, പിന്നീട് വരുവാനുള്ളവർക്ക് ഉദാഹണമായും ആകുന്നു. അവന് എന്നേയ്ക്കും ബഹുമാനവും മഹത്വവും ഉണ്ടാകട്ടെ. ആമേൻ! അവന് ഒരു താമാരിനെയോ രാഹബിനെയോ എടുക്കുവാനും യേശുക്രിസ്തുവിന്റെ വംശാവലിയിൽ ആക്കുവാനും കഴിയും. മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞ പത്രോസിനെ എടുത്ത് ശുശ്രൂഷയിലാക്കുവാൻ അവന് കഴിയും.
7. പൗലോസ് തന്റെ ശുശ്രൂഷയുടെ അവസാനത്തിലേക്ക് വരികയാണ്. അവൻ അത് അറിഞ്ഞു. അഗ്രിപ്പാ രാജാവേ, ഞാൻ സ്വർഗീയ ദർശനത്തിന് അനുസരണക്കേട് കാണിച്ചില്ല എന്നു പറഞ്ഞവന് സംതൃപ്തമായ ഒരു ശുശ്രൂഷ ഉണ്ടായിരുന്നു. *ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വശ്വാസം കാത്തു.* പ്രവർത്തനത്തിൽ അവന്റെ സഹപ്രവർത്തകരായവർ അവനെ വിട്ടുപോയി. എന്നാൽ അവന്റെ കർത്താവ് അവനോട് കൂടെ നിന്നു, അവനെ ശക്തീകരിച്ചു. എല്ലാ കഷ്ടത്തിൽ നിന്നും തന്നെ വിടുവിച്ച കർത്താവ് ഇനിയും അവനെ വിടുവിക്കും സ്വർഗരാജ്യത്തിനായി സൂക്ഷിക്കും എന്ന് അവൻ ഉറച്ചിരുന്നു. അവൻ ആരെ വിശ്വസിച്ചിരുന്നു എന്ന് അവൻ അറിഞ്ഞിരുന്നു. അവനെ ആശ്രയിക്കാം. അവന് എന്നുമെന്നേക്കും മഹത്വമുണ്ടാകട്ടെ. ആമേൻ. (2 തിമൊ. 4:18).

ഈ ഏഴു സന്ദർഭങ്ങളിലും *ആമേൻ* എന്ന ശബ്ദം വീണ്ടും വീണ്ടും പ്രതിധ്വനിക്കുന്നു. നമ്മിൽ നിന്നുള്ള ഏക പ്രതികരണവും ആമേൻ, ആമേൻ എന്നതായിരിക്കും. ദൈവത്തിന്റെ നാമത്തിന് ഉചിതമായ മഹത്വം നാം ദൈവത്തിന് കൊടുക്കുന്നു.

**3. സമർപ്പണം (ഏസ. ഋൗലെയലീ)**

സമർപ്പണം ആണ് ആരാധനയ്ക്കുള്ള മൂന്നാമത്തെ പദം. അഥേനയിലെ അരയോപകക്കുന്നിൽ തന്റെ പ്രഭാഷണത്തിൽ അഥേനയിലെ ജനത്തോട് പറഞ്ഞു: നിങ്ങൾ അതിഭക്തന്മാർ എന്നു ഞാൻ കാണുന്നു, *അജ്ഞാത ദേവന്നു* എന്ന് എഴുതിയ വേദിക്കല്ല് കണ്ടു, നിങ്ങൾ അറിയാതെ പൂജിക്കുന്നതു (Gk. Eusebeo) തന്നെ ഞാൻ നിങ്ങളോട് അറിയിക്കുന്നു (അപ്പോ.പ്രവൃ. 17:23). വിധവമാരെ ബഹുമാനിക്കുന്നതു സംബന്ധിച്ച് പൗലോസ് നിർദ്ദേശിച്ചു: *വല്ല വിധവെയ്ക്കും പുത്രപൗത്രന്മാർ ഉണ്ടെങ്കിൽ അവർ മുമ്പെ സ്വന്തകുടുംബത്തിൽ ഭക്തി* (Gk. Eusebeo) *കാണിച്ച് അമ്മയപ്പന്മാർക്ക് പ്രത്യുപകാരം ചെയ്‌വാൻ പഠിക്കട്ടെ; ഇതു ദൈവസന്നിധിയിൽ പ്രസാദകരമാകുന്നു* (1തിമൊ.5:4). അഥേനയിലെ വിഗ്രഹാരാധികൾ ഒരു അജ്ഞാത ദേവനെ ആരാധിച്ചു, അതായത്, അവർ വിഗ്രഹത്തിന്റെ മുമ്പാകെ ഭക്തി കാണിച്ചു. വിധവയുടെ പുത്രന്മാർ ഭക്തികാണിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു, അതായത്, അവരോട് അതേ ബഹുമാന മനോഭാവം കാണിക്കണം.

Eusebeo എന്ന വാക്കും ബന്ധപ്പെട്ട പദങ്ങളും താഴെ പറയുന്ന വിധം പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നു:

* *യുസേബിയ* എന്ന നാമത്തെ, godliness എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നു (അപ്പോ. പ്രവൃ.3:12= ഭക്തി)
* *യുസേബിസ്,* എന്ന നാമവിശേഷണത്തെ, devout or godly എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നു
* *യുസേബെയിൻ* എന്ന ക്രീയാ പദത്തെ, to worship എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നു (അപ്പോ.പ്രവൃ.17:23; 1 തിമൊ.5:4).
* *യുസേബോസ്* എന്ന ക്രീയാവിശേഷണത്തെ godly എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നു.

എല്ലാ വിശ്വാസികളും സർവ്വഭക്തിയോടും ഘനത്തോടും കൂടെ സാവധാനതയും സ്വസ്ഥതയുമുള്ള

ജീവിനം കഴിക്കണം എന്നതാണ് ദൈവത്തിന്റെ ദൃഷ്ടിയിൽ സ്വീകാര്യമായത് (1 തിമൊ. 2:2). ഇതിനായി അവർ *ഭക്തിയ്ക്ക് തക്കവണ്ണം അഭ്യാസം* ചെയ്യുകയും (1 തിമൊ. 4:7), ഭക്തിയെ പിൻതുടരുകയും (1 തിമൊ. 6:11) വേണം. ഇത് സ്വയമേവ വരികയില്ല. ദൈവഭക്തി വളർത്തി എടുക്കേണ്ടതാണ്. കളകളും, മുള്ളുകളും തോട്ടത്തിൽ തനിയെ വളരുന്നു. എന്നാൽ നല്ലതും മനോഹരവുമായ പുഷ്പങ്ങൾ അവിടെ വളരുന്നതിനു മുമ്പ് തോട്ടക്കാരൻ ശ്രദ്ധാപൂർവ്വം തോട്ടത്തെ വളർത്തി എടുക്കേണ്ടതുണ്ട്. ഒരു വിശ്വാസിയുടെ ഹൃദയത്തിൽ ദൈവഭക്തിയും അപ്രകാരമാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനം ദൈവഭക്തിയിലേക്കുള്ള മാർഗമാണ് (2 പത്രോ.1:3). മുമ്പ് പറഞ്ഞിട്ടുള്ള ദർശനം, ആസക്തി, രൂപാന്തരീകരണം മുതലായവ ഇവിടെയും തുല്യ പ്രായോഗികമാണ്. ഒരു വ്യക്തി ദൈവത്തോട് ചേർന്ന് ജീവിക്കുന്നതു പോലെ ദൈവഭക്തിയുള്ളവനായി തീരുന്നു. എന്നാൽ ദുർഘട സമയത്തിന്റെ (Gk. chalepos) സ്വഭാവമാണ് മനുഷ്യർ ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരായിരിക്കും എന്നുള്ളത് (2 തിമൊ.3:5). ഇത് സാത്താന്യ സ്വാധീനത്തിന്റെ സവിശേഷതയാണ്. അപ്രകാരം സ്വാധീനിക്കപ്പെട്ട വ്യക്തികൾ അത്യുഗ്രന്മാരാണ് (Gk. chalepos) (മത്താ.8:28). ദൈവഭക്തിക്ക് അതിന്റെ ശക്തിയുണ്ട്. ഈ ദൈവഭക്തിയും (Gk. eusebeia) ശക്തിയുമാണ് യരുശലേമിലെ ജനം പത്രോസിലും യോഹന്നാനിലും കണ്ടത്. തർക്കങ്ങളിലും, വാഗ്വാദങ്ങളിലും, അനാരോഗ്യകരമായ താൽപര്യം ഉള്ളവർ ആരോഗ്യകരമായ നിർദ്ദേശങ്ങളും ദൈവീക ഉപദേശങ്ങളും അതായത്, ദൈവഭക്തി ഉണ്ടാക്കുന്ന ഉപദേശങ്ങൾ, അംഗീകരിക്കുകയില്ല (1 തിമൊ. 6:3). കർത്താവിന്റെ വരവ് ആസന്നമാകയാൽ വിശുദ്ധജീവിതത്തിനും ദൈവഭക്തിക്കും പ്രചോദനം നൽകിയിരിക്കുന്നു (2 പത്രോ. 3:11).

ദൈവഭക്തി ആന്തരികമായിട്ടുള്ളതാണ് എന്നാൽ അത് ബാഹ്യമായി വെളിപ്പെടുന്നതാണ് എന്ന് മുകളിൽ പറഞ്ഞതിൽ നിന്ന് സ്പഷ്ടമാകുന്നു. *അതുകൊണ്ട് യുസേബിയ* എന്നത് ആരാധനയുടെ ഹൃദയമാണ്. ഇത് ഹൃദയത്തിന്റെ മനോഭാവമാണ്. ഒരു ദൈവ ആരാധകൻ (Gk.theosebes ) പ്രാകാരങ്ങളിലേക്ക് പ്രവേശിച്ച് അവിടെ ദൈവത്തെ ആരാധിക്കുന്നവനാണ്. ഭവനത്തിൽ ആരാധനയുള്ള ഹൃദയം മാതാപിതാക്കളോടുള്ള മനോഭാവത്തിൽ വെളിപ്പെടുന്നു. ഇത് ദൈവത്തിന്റെ ദൃഷ്ടിയിൽ പ്രസാദകരമാണ് (1 തിമൊ. 2:3).

മോശെ പർവ്വതത്തിൽ ദൈവത്തിന്റെ സന്നിധിയിൽ ചെന്നു എന്നാൽ താൻ മടങ്ങിവന്നപ്പോൾ അവന്റെ മുഖം പ്രാകാശിച്ചിരുന്നു (പുറ. 34:29,30,35). ദൈവത്തിന്റെ സന്നിധിയിൽ നിന്ന് ആരാധകൻ മടങ്ങുമ്പോൾ അവൻ വരുന്നത് സ്വന്ത ശക്തിയിലല്ല, ദൈവഭക്തിയുടെ ശക്തിയിലാണ്. ആരാധന ഒരു വ്യക്തിയെ രൂപാന്തരപ്പെടുത്തുന്നു. ദൈവഭക്തനായിരുന്ന് ദൈവേഷ്ടം ചെയ്യുന്നവനെ ദൈവം കേൾക്കുന്നു (യോഹ. 9:31).

ലൂക്കോസ് 5 ൽ നമുക്ക് ആരാധിക്കുന്ന ഹൃദയത്തിന്റെ മനോഹരമായ ഒരു ദൃഷ്ടാന്തമുണ്ട്. ശീമോനും മറ്റുള്ളവരും രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും മത്സ്യം ഒന്നും കിട്ടിയില്ല. രാവിലെ കർത്താവ് അവന്റെ അടുക്കൽ വന്ന് ആഴത്തിലേക്ക് നീക്കി വലയിറക്കുവാൻ ആജ്ഞാപിക്കുന്നു. അവന്റെ വാക്ക് അനുസരിച്ച്, പ്രയോജനമുണ്ടാകുമോ എന്ന് സംശയിച്ചാണെങ്കിലും പത്രോസ് പ്രവർത്തിച്ചു. പെരുത്ത് മീൻകൂട്ടം വലയിൽ കയറി. പത്രോസ് കർത്താവിന്റെ മഹത്വം കണ്ടു അവന്റെ കാൽക്കൽ വീണുകൊണ്ട് നിലവിളിച്ചു: *ഞാൻ പാപിയായ മനുഷ്യൻ ആകകൊണ്ട് എന്നെ വിട്ടു പോകേണമേ* (5:8). പത്രോസ് ഓടിപ്പോയില്ല എന്നാൽ അവന്റെ വാക്കുകളും പ്രവൃത്തികളും എല്ലാം വിളിച്ചു പറയുന്നത് അവന്റെ ഹൃദയത്തെയാണ്. സങ്കീർത്തനക്കാരൻ പറഞ്ഞു: *ഞാനോ നിന്റെ കൃപയുടെ ബഹുത്വത്താൽ നിന്റെ ആലയത്തിലേക്ക് ചെന്ന് നിന്റെ വിശുദ്ധമന്ദിരത്തിന്നു നേരെ നിങ്കലുള്ള ഭക്തിയോടെ ആരാധിക്കും* (സങ്കീ. 5:7).

യിസ്രയേലിന് ആരാധനയ്ക്ക് ഒരു മന്ദിരം ഉണ്ടായിരുന്നു. എന്നാൽ വിശ്വാസികളുടെ ശരീരമാണ് ദൈവത്തിന്റെ ആലയം (1കൊരി. 6:19). കവി പറഞ്ഞതു പോലെ: *എൻ ഹൃദയമാകും മഹാദേവാലയത്തിൽ നിന്നും പൊങ്ങും നിനക്ക് വന്ദനം.* യുസേബെയോ ആരാധനയുടെ ഹൃദയമാണ്. ദൈവത്തിന് സമർപ്പിക്കപ്പെട്ട ഹൃദയത്തിൽ നിന്നും സ്വർഗത്തിലേക്ക് ആരാധന ഉയരുന്നു.

**4. സേവനം (Gk. Latreuo)**

*നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ* (Gk. Latreuo) (മത്തായി.4:10). ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ച് പൗലോസ് വിശ്വാസികളോട് ബുദ്ധിയുള്ള ആരാധനായായി (Gk. Latreuo) അവരുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ എന്ന് പ്രബോധിപ്പിച്ചു. ഈ സേവനം ഒരു അടിമയുടെ സേവനമല്ല, പുത്രന്റേതാണ്.

പൗലോസ് തിമൊഥെയോസിന് എഴുതുമ്പോൾ (2 തിമൊ. 2) ദൈവത്തിന്റെ ദാസനെ ചിത്രീകരിക്കുന്നത് -പുത്രൻ, പടയാളി, ഓട്ടക്കാരൻ, കൃഷിക്കാരൻ, വേലക്കാരൻ, പാത്രം, ദാസൻ എന്നീ നിലകളിലാണ്.

ആദ്യത്തേതും അവസാനത്തേതും യഥാർത്ഥ ചിത്രമാണ് ഇടയ്ക്കുള്ള അഞ്ചും ആലങ്കാരികമാണ്. ഒരു വ്യക്തി ദൈവത്തിന്റെ പുത്രനാണെങ്കിൽ മാത്രമേ, ദൈവത്തിന്റെ ദാസനായിരിക്കുവാൻ കഴിയുകയുള്ളു. ദൈവം തന്റെ പുത്രന്മാരിൽ നിന്നു മാത്രമേ സേവനം പ്രതീക്ഷിക്കുന്നുള്ളൂ.

ആരാധന എവിടെ അവസാനിക്കുന്നു സേവനം എവിടെ ആരംഭിക്കുന്നു എന്നും പറയുക പ്രയാസമാണ്. ആരാധനയുടെ ആത്മാവിൽ ദൈവത്തിനു സേവ ചെയ്യുന്നതാണ് ഇത്- ആരാധനാ പൂർവമായ സേവനം.

എബ്രായ ലേഖനകാരൻ പ്രബോധിപ്പിക്കുന്നു: *നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറ് ഭക്തിയോടും ഭയത്തോടും കൂടെ സേവ* (Gk. Latreuo) *ചെയ്ക* (എബ്രാ. 12:28). ഇവിടെ ഉപയോഗിച്ചിരിക്കുന്ന വാക്ക് സമാഗമനകൂടാരത്തിൽ/ദൈവാലയത്തിൽ പൗരോഹിത്യ ശുശ്രൂഷയ്ക്കുള്ള വാക്കാണ്.

സഖര്യാവിന്റെ ശുശ്രൂഷാകാലം (Gk. Leitourgia) തികഞ്ഞശേഷം അവൻ വീട്ടിലേക്ക് പോയി (ലൂക്കോ. 1:23). നമ്മുടെ കർത്താവിന്റെ ശ്രേഷ്ഠമായ *ശുശ്രൂഷയെ* വിവരിക്കുന്നതിനും ഇതേ പദം ഉപയോഗിച്ചിരിക്കുന്നു. അപ്പോസ്തലന്മാർ കർത്താവിനായി ശുശ്രൂഷ (Gk. Leitourgeo) ചെയ്തു. നമ്മുടെ കർത്താവ് സത്യകൂടാരത്തിന്റെ ശുശ്രൂഷകനാണ്. (Gk. Leitourgos) (എബ്രാ. 8:2).

മുകളിൽ പറഞ്ഞ വാക്കുകളിൽ നിന്ന് നാം പഠിക്കുന്നത് എന്തെന്നാൽ ക്രിസ്തീയ ശുശ്രൂഷ എന്നത് പുരോഹിതവർഗം കൂടാരത്തിൽ നിർവഹിക്കുന്ന ശുശ്രൂഷയാണ് -ആരാധനാ മനോഭാവത്തോടെ ചെയ്യുന്ന സേവനം.

നമ്മുടെ കർത്താവിന് മരിക്കുവാൻ ഒരു ശരീരം ആവശ്യമായിരുന്നു. ഇത് പരിശുദ്ധവും പാപമില്ലാത്തതുമായ ശരീരമായിരുന്നു. ഭൗമീകവും പാപത്താൽ മലിനപ്പെട്ടതുമായ ഒരു ശരീരമാണ് നമുക്ക് ഉള്ളതെങ്കിലും കർത്താവിന്റെ വിലയേറിയ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ടു. ദൈവത്തിന് ആത്മീക യാഗം കഴിക്കുന്നതിന് നാം പാത്രം തുടർച്ചായായി നിർമ്മലമായി സൂക്ഷിക്കേണ്ടതാണ്. നമ്മുടെ ധാർമിക വിശുദ്ധിയിലാണ് നമ്മുടെ സേവനത്തിന്റെ സഫലത അടിസ്ഥാനപ്പെട്ടിരിക്കുന്നുത്. നമുക്ക് ശാരീരികവും മാനസികവും ആത്മീകവുമായ പ്രേരണകളും ആഗ്രഹങ്ങളും ഉണ്ട്. നമ്മുടെ ശാരീരിക ഇന്ദ്രീയങ്ങൾ ദൈവം സൃഷ്ടിച്ചവയാണ്. എന്നാൽ നമുക്ക് അവയെ പൂർണ്ണമായി വിശ്വസിക്കുവാനാകില്ല. ദൈവാത്മാവിനാൽ നിയന്ത്രിക്കപ്പെടുമ്പോൾ അത് ആന്ദവും സാഫല്യവും നൽകുന്നു, അത് വളരെ നല്ലതുമാണ്. ധാർമ്മിക അശുദ്ധി നമ്മുടെ വഴികളിൽ തടസ്സമുണ്ടാക്കുന്നു, ജീവൻ നൽകുന്ന ഗുണങ്ങൾ നമ്മുടെ ആന്തരിക വ്യക്തിത്വത്തിൽ നിന്ന് പ്രവഹിക്കുവാൻ കഴിയാതാവുകയും ചെയ്യുന്നു. നാം സത്യത്തെയും ധാർമിക മാനദണ്ഡങ്ങളെയും പരിത്യജിക്കുമ്പോൾ ആരാധന തകരുകയും സേവനം സ്വീകാര്യമല്ലാതാകയും ചെയ്യുന്നു. പാപത്തിന്റെ രഹസ്യം കാണുന്നത് മലിനമായ ഹൃദയത്തിലാണ്. പാപത്തിന്റെ തിന്മ സത്യത്തിന്റെ വൈരുദ്ധ്യത്തിൽ കാണുന്നു. പാപത്തിൽ നിന്നുള്ള മോചനം ദൈവത്തിന്റെ അധികാരം ഹൃദയത്തിൽ ഉറപ്പിക്കുമ്പോഴാണ്. ഇത് സേവനത്തിൽ നമുക്ക് സ്വാതന്ത്ര്യം നൽകുന്നു.

സമാഗമനകൂടാരത്തിലും ദേവാലയത്തിലും പുരോഹിതന്മാർ ശുശ്രൂഷയ്ക്കു പ്രവേശിക്കുന്നതിനു മുമ്പ് അവരുടെ കൈകളും പാദങ്ങളും കഴുകിയിരുന്നതു പോലെ നാം പാപങ്ങളെ ഏറ്റുപറയുന്നതിലൂടെയും ഉപേക്ഷിക്കുന്നതിലൂടെയും പാപങ്ങളെ കഴുകിക്കളയേണ്ടതാണ്. നമ്മോട് ക്ഷമിക്കുവാനും സകല അനീതിയിൽ നിന്നും നമ്മെ ശുദ്ധീകരിക്കുവാനും അവൻ വിശ്വസ്തനും നീതിമാനുമാണ് (1യോഹ.1:9).

നാം ചുരുക്കമായി പരിശോധിച്ച നാലു വാക്കുകൾ ആരാധനയെക്കുറിച്ച് നമ്മെ പഠിപ്പിക്കുന്നു: *Proskuneo* ആരാധനയുടെ പ്രവൃത്തിയാണ്; *doxa* ആരാധനയുടെ ശബ്ദമാണ്; *eusebeo* ആരാധനയുടെ ഹൃദയമാണ്; *latreauo* ആരാധനയുടെ സേവനമാണ്.

ദൈവത്തെ ബഹുമാനത്തോടും ഭക്തിയോടും കൂടെ ആരാധിക്കുന്നത് എങ്ങനെ എന്നു നാം കണ്ടു കഴിഞ്ഞു. ആരാധന, അഥവാ ആരാധനാത്മകമായ സേവനം ദൈവത്തിനു പ്രസാദം വരുമാറ് ആയിരിക്കണം. ഇതെങ്ങനെയാണ് സാധിക്കുക. ഒരു വിശ്വാസിയേയും ഒരു വിശ്വാസിയേയും *പുരോഹിതൻ* എന്ന് വിളിക്കുന്നില്ല, എന്നാൽ സഭ ഒന്നിച്ച് നാം പുരോഹിത വർഗമാണ്.

ദൈവം കൽപിച്ച സ്ഥലത്ത് കൽപ്പിച്ച രീതിയിൽ ദൈവത്തെ ആരാധിക്കുന്നതാണ് ദൈവത്തിന് പ്രസാ

ദകരമായിരിക്കുന്നത്. ഇതാണ് സഭയിലെ ആരാധന.

നാം ഈ പഠനം അവസാനിപ്പിക്കുന്നതിന് മുൻപ് ചിലകാര്യങ്ങൾ കൂടി നമുക്ക് നോക്കാം:

## നാം എങ്ങനെ ആരാധിക്കുന്നു?

* ബഹുമാനത്തോടും ദൈവഭയത്തോടും കൂടി പ്രസാദകരമായ നിലയിൽ നാം ദൈവത്തെ സേവിക്കുന്നു (എബ്രാ.12:28,29).

* നിർമല മനസ്സാക്ഷിയോടെ പൗലോസ് ദൈവത്തെ സേവിച്ചു (2 തിമൊ. 1:3)

* നാം ആയുഷ്കാലം ഒക്കെയും ഭയം കൂടാതെ തിരുമുമ്പിൽ വിശുദ്ധിയിലും നീതിയിലും തന്നെ ആരാധിപ്പാൻ നമുക്കു കൃപ നൽകുവാൻ പരിശുദ്ധാത്മാവ് നിറഞ്ഞവനായി സഖര്യാവ് പ്രാർത്ഥിച്ചു (ലൂക്കോ. 1:74,75).

* ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ രാവും പകലും ഹന്ന ദൈവത്തെ ആരാധിച്ചു (ലൂക്കോ. 2:37).

* നാം ദൈവത്തെ ആത്മാവിൽ ആരാധിക്കുന്നു എന്ന് പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നു (ഫിലി.3:3).

## തിരുവെഴുത്തിലില്ലാത്ത ആചാരങ്ങൾ

തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യ ശക്തി ജീവനും ഭക്തിക്കും വേണ്ടത് ഒക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ (2 പത്രോ. 1:3). വചനത്തോട് എന്തെങ്കിലും കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യേണ്ടുന്ന ആവശ്യം നമുക്ക് ഇല്ലല്ലോ. താഴെ പറയുന്ന ചോദ്യങ്ങൾ വിശ്വാസികൾ പല അവസരങ്ങളിൽ ഈ ലേഖകനോട് ചോദിച്ചിട്ടുള്ളവയാണ്.

**1. ശവസംസ്കാര ആരാധന?**

ശംവസംസ്കാര ശുശ്രൂഷയ്ക്കും അതുപോലെ വിവാഹത്തിനും മുമ്പ് ചില കൂടിവരവുകളിൽ ആരാധനാ യോഗം നടക്കാറുണ്ട്. ഇത് തിരുവെഴുത്തിൻ പ്രകാരമാണോ?

## ഉത്തരം:

മുൻപ് പറഞ്ഞതുപോലെ ആരാധന ക്രിസ്ത്യാനിയുടെ മുഖ്യ ജോലിയും പദവിയുമാണ്. അവന് എപ്പോഴും ദൈവത്തെ ആരാധിക്കുവാൻ കഴിയും. ഏതൊരു ക്രിസ്തീയ കൂടിവരവിലും സ്വാഭാവികമായ ആരാധന എപ്പോഴും സ്വർഗത്തിലേക്ക് ഉയരേണ്ടതാണ്. ജഡത്തിലായിരുന്ന നാളുകളിൽ യേശു നസറേത്തിലെ പള്ളിയിൽ ആയിരുന്നു, നാം വായിക്കുന്നു: *പള്ളിയിലുള്ള എല്ലാവരുടെയും കണ്ണ് അവങ്കൽ പതിഞ്ഞിരുന്നു* (ലൂക്കോ. 4:20). ക്രിസ്തുവിനെ കൂടാതെ ആരാധന എന്തിനാണ്? ക്രിസ്തുവിനെ കൂടാതെ സുവിശേഷവേല എന്തിനാണ്? ക്രിസ്തുവിനെ കൂടാതെ ബൈബിൾ പഠനവും പ്രാർത്ഥനാ യോഗവും എന്തിനാണ്? അതുകൊണ്ട് നാം എല്ലാ യോഗങ്ങളും ആരാധനയോടു കൂടെ ആരംഭിക്കുന്നു.

നാം പുതിയനിയമം വായിക്കുമ്പോൾ താഴെ പറയുന്ന യോഗങ്ങൾക്കായി വിശുദ്ധന്മാർ കൂടിവന്നു എന്നു എന്നു കാണുന്നു:

* ആഴ്ചയുടെ ഒന്നാം ദിവസം ശിഷ്യന്മാർ അപ്പം നുറുക്കുവാൻ കൂടിവന്നു (അപ്പോ.പ്രവൃ. 20:7).
* പ്രാർത്ഥനയിൽ ദൈവത്തിങ്കലേക്ക് അവരുടെ ശബ്ദം ഉയർത്തുവാൻ ശിഷ്യന്മാർ ഒരുമനപ്പെട്ട് കൂടിവന്നു (അപ്പോ. പ്രവൃ. 4: 24-34).
* അവർ ഒരു സംവത്സരം മുഴുവനും സഭായോഗങ്ങളിൽ കൂടുകയും ബഹുജനത്തെ ഉപദേശിക്കയും ചെയ്തു (അപ്പോ. പ്രവൃ. 11:26). അവർ ബൈബിൾ പഠനത്തിനായി കൂടിവന്നു.
* ശിഷ്യന്മാർ അപ്പോസ്തലന്മാരുടെ ലേഖനം വായിക്കുന്നതിന് ഒരുമിച്ചു കൂടി (അപ്പോ. പ്രവൃ. 15:30,31) ഇത്തരത്തിലുള്ള ബൈബിൾ-വായനാ-യോഗങ്ങൾ ഇന്ന് അപൂർവ്വമായിട്ടേ സഭകളിൽ കാണുന്നുള്ളൂ.
* പൗലോസും ബർന്നബാസും (അന്ത്യോക്യ സഭ അയച്ച മിഷ്നറിമാർ) സഭയെ വിളിച്ചു കൂട്ടി ദൈവം വരോടു കൂടെ ഇരുന്നു ചെയ്ത കാര്യങ്ങളും എങ്ങനെ ജാതികളുടെ ഇടയിലേക്ക് വിശ്വാസത്തിന്റെ വാതിൽ തുറന്നു എന്നും വിശദീകരിച്ചു. (അപ്പോ. പ്രവൃ. 14:27). മിഷനറി മീറ്റിംഗ്.

* അപ്പോസ്തലന്മാരും മൂപ്പന്മാരും വസ്തുത പരിഗണിക്കുവാൻ കൂടിവന്നു (അപ്പോ.പ്രവൃ. 15:6). ഇത് മൂപ്പന്മാരുടെ യോഗമാണ്.
* *അവനെ സാത്താന് ഏൽപ്പിക്കേണ്ടതിന്* കൂടി വരുവാൻ പൗലോസ് കൊരിന്ത്യരോട് നിർദ്ദേശിച്ചു. (1 കൊരി. 5:4). ഇത് ശിക്ഷണ നടപടി എടുക്കുന്നതിനുള്ള യോഗമായിരുന്നു.

മുകളിൽ വിവരിച്ച ഏഴു സന്ദർഭങ്ങളിലല്ലാതെ മറ്റു ഏതെങ്കിലും സന്ദർഭത്തിൽ സഭ കൂടിവന്നതായിട്ട് നാം കാണുന്നില്ല. അതുകൊണ്ട് പൊതുവെ പറഞ്ഞാൽ പ്രാദേശിക സഭയുടെ ഏഴു മീറ്റിംഗുകളായി കരുതപ്പെടുന്നത് ഇവയാണ്.

ഞായറാഴ്ച പ്രഭാതത്തിലെ മീറ്റിംഗിനെ സംബന്ധിച്ച് ചില തെറ്റിദ്ധാരണകൾ ഉണ്ടെന്നു കാണുന്നു. ഈ കൂടിവരവ് അപ്പം നുറുക്കുന്നതിന് അഥവാ കർത്താവിന്റെ അത്താഴം ഭക്ഷിക്കുന്നതിനാണ് (1കൊരി.11: 20). ആരാധന യോഗം എന്നൊന്ന് ഒരു സഭയിൽ ഇല്ല. എന്നാൽ മുമ്പ് പറഞ്ഞതുപോലെ കൂടിവരുമ്പോഴൊക്കെയും നാം ആരാധിക്കുന്നു.

ഇനിയും, പ്രത്യേക ചോദ്യത്തിലേക്ക് നാം വരുമ്പോൾ, വിവാഹശുശ്രൂഷക്കോ, ശവസംസ്കാരത്തിനോ മുമ്പ് *ആരാധനായോഗം* ഇല്ല. തീർച്ചയായും ഇത് സഭയുടെ ഒരു കൂടിവരവല്ല. വിവാഹത്തിനും ശവസംസ്കാരത്തിനും അവിശ്വാസികളും സംബന്ധിക്കുന്നു എന്നത് ഓർക്കേണ്ടതാണ്. ഈ രണ്ടു കൂടിവരവുകളും സാമൂഹ്യ ആവശ്യമാണ്, എന്നാൽ വിശുദ്ധന്മാരുടെ മറ്റ് ഏതു കൂടിവരവുകളെയും പോലെ ആത്മീക കാര്യങ്ങൾക്ക് ഇവിടെയും പ്രാമുഖ്യം നൽകുന്നു.

ഒരു മുന്നറിയിപ്പു കൂടി. ആത്മീക പരിവേഷം നൽകി കപടമതത്തിന്റെ ആചാരങ്ങൾ സൃഷ്ടിക്കുവാൻ പാടില്ല.

**2. സഭാ കൂടി വരവിൽ അല്ലാതെ തിരുവത്താഴം ഭക്ഷിക്കുന്നത് ശരിയാണോ?**
ഞായറാഴ്ച ഉൾപ്പെട്ടു വരുന്ന സന്ദർഭത്തിൽ *ക്യാമ്പുകളിൽ* അപ്പം നുറുക്കുന്നത് ശരിയാണോ? പരിസരത്ത് സഭയോ/സഭകളോ ഉള്ളപ്പോൾ കുറച്ചു വിശ്വാസികൾ ചേർന്ന് വേറിട്ട് *അപ്പം നുറുക്കുന്നത്* ശരിയാണോ?

## ഉത്തരം:

രണ്ട് ആചാരപരമായ കൽപ്പനകളാണ് കർത്താവ് സഭയ്ക്ക് നൽകിയിട്ടുള്ളത്, അതായത്, (1) സ്നാനം, (2) കർത്താവിന്റെ അത്താഴം. ഈ കൽപനകൾ സഭയ്ക്കു നൽകപ്പെട്ടവയാണ് വ്യക്തികൾക്കല്ല.

അപ്പോസ്തലന്മാരുടെ പ്രവൃത്തികളിൽ കർത്താവിന്റെ അത്താഴം ആചരിച്ചത് പ്രാദേശിക സഭയുടെ പശ്ചാത്തലത്തിൽ മാത്രമാണ് മറ്റു നിലകളിലല്ല എന്നാണ് നാം കാണുന്നത്. പൗലോസ് തന്റെ മിഷനറി യാത്രയിൽ ത്രോവാസിൽ എത്തി അവിടെ ഏഴു ദിവസം താമസിച്ചു. ആഴ്ചയുടെ ഒന്നാം ദിവസം, ശിഷ്യന്മാർ അപ്പം നുറുക്കുവാൻ കൂടി വന്നപ്പോൾ പൗലോസ് അവരോട് പ്രസംഗിച്ചു (അപ്പോ. പ്രവൃ. 20:6,7). കർത്താവിന്റെ അത്താഴം ആചരിക്കുവാൻ പൗലോസ് താമസിച്ചത് *കഴിയുമെങ്കിൽ പെന്തക്കോസ്തു നാളേയ്ക്ക് യെരുശലേമിൽ എത്തേണ്ടതിന്* ബദ്ധപ്പെടുമ്പോഴായിരുന്നു. (അപ്പോ. പ്രവൃ. 20:16). അപ്പം നുറുക്കേണ്ടതിന് ആഴ്ചയുടെ ഒന്നാം നാളിനായി, കർതൃദിവസത്തിനായി , അവർ കാത്തിരുന്നു എന്നത് നാം ശ്രദ്ധിക്കേണ്ടതാണ്.

പൗലോസിന് യാത്ര തുടരുവാനും കർതൃ ദിവസത്തിൽ കപ്പലിൽ വച്ച് കർത്താവിന്റെ അത്താഴം ആചരിക്കുവാനും കഴിയുമായിരുന്നു. എന്നാൽ അവൻ അത് ചെയ്തില്ല, അങ്ങനെ കർത്താവിന്റെ അത്താഴം പ്രാദേശിക സഭയുടെ പശ്ചാത്തലത്തിലാണ് ആചരിക്കേണ്ടത് എന്ന് അവൻ പ്രവൃത്തിയിലൂടെ നമ്മെ പഠിപ്പിച്ചു.

*രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും അവൻ അവരുടെ നടുവിൽ ഉണ്ട്* (മത്താ. 18:20) എന്ന് കർത്താവ് വാഗ്ദത്തെ ചെയ്തു. കർത്താവ് സർവ്വവ്യാപിയാണ്, അവൻ എല്ലായിടത്തും ഉണ്ട്. വിശ്വാസി ഏകനായിരിക്കുമ്പോൾ കർത്താവ് അവനോടൊപ്പം അവിടെ ഉണ്ട്. നാം ഭവനത്തിൽ കൂടു

മ്പോൾ അവിടെയും കർത്താവിന്റെ സാന്നിദ്ധ്യം ഉണ്ട്. ഏതു കാര്യത്തിനു വേണ്ടിയും രണ്ടോ മൂന്നോ സഹോദരന്മാർ/സഹോദരിമാർ ഒന്നിച്ചു കൂടുമ്പോൾ അവിടെയും അവൻ ഉണ്ടായിരിക്കും. എന്നാൽ മത്തായി പതിനെട്ടാം അദ്ധ്യായത്തിൽ കർത്താവ് വാഗ്ദത്തം ചെയ്തത് അൽപം വത്യസ്ഥമായ സംഗതിയാണ്. ഇത് സ്ഥലം സഭയുടെ മദ്ധ്യേ, സഭയുടെ തല എന്ന നിലയിൽ, വിശ്വാസികൾ അവന്റെ നാമത്തിൽ കൂടിവരുന്നിടത്ത് ഉള്ള അവന്റെ പ്രത്യേക സാന്നിദ്ധ്യമാണ്. ഈ വാഗ്ദത്തം ശകലമായ ഏതെങ്കിലും കൂട്ടത്തിനോ, ആത്മാർത്ഥമായി ഒരുമിച്ചു കുടുന്ന കുറച്ചു വിശ്വാസികൾക്കോ, അവന്റെ നാമം ബഹുമാനിക്കപ്പെടാതിരിക്കുമ്പോൾ ഈ വാഗ്ദത്തം അവകാശപ്പെടുവാൻ കഴിയുകയില്ല. *എന്റെ നാമത്തിൽ* ഈ കൂടുന്നത് പ്രത്യേകമാണ്, ഇതിനാൽ അർത്ഥമാകുന്നത് പ്രാദേശിക സഭാ കൂടിവരവാണ്.

അതുകൊണ്ട് മുകളിലെ രണ്ടു ചോദ്യങ്ങൾക്കും ഉത്തരം *ശരിയല്ലാ* എന്നാണ്. ഒരു ക്യാമ്പിൽ ശനിയാഴ്ച തന്നെ മീറ്റിംഗ് അവസാനിപ്പിക്കുകയാണ് ശുപാർശ ചെയ്യത്തക്കത്. ഏതെങ്കിലും കാരണവശാൽ അത് അസാദ്ധ്യം എങ്കിൽ വിശ്വാസികൾ അടുത്തുള്ള ഏതെങ്കിലും പ്രാദേശിക സഭയിൽ പോകുവാൻ അവർക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. അടുത്ത് സഭയോ/സഭകളോ ഉള്ളപ്പോൾ ക്യാമ്പിൽ അപ്പം നുറുക്കുന്നത് പ്രാദേശിക സഭയോടുള്ള സമ്പൂർണ്ണ അവഗണനയാണ്. പ്രാദേശിക സഭകൾ സ്വതന്ത്രമാണ്, അവയുടെ അധികാരം, പ്രാദേശിക സഭകളുടെ സ്വാതന്ത്ര്യവും പവിത്രതയും തിരസ്കരിക്കപ്പെടുന്ന അത്തരം ക്യാമ്പുകൾക്ക് ജനങ്ങളെ അയയ്ക്കാതിരിക്കുവാൻ വിനിയോഗിക്കണം. പ്രാദേശിക സഭകളോട് പൂർണ്ണമായി അവഗണനയിൽ പ്രവർത്തിക്കുന്ന ഏതു സംഘവും അങ്ങനെ ചെയ്യുന്നതിനെ കർശനമായി നിരുൽസാഹപ്പെടുത്തേണ്ടതാണ്.

**3. ഒരു *പൂർവ്വസമ്പ്രദായം* അഥവാ ആചാരം ഒരു ഉപദേശം ആയ്തീരുവാൻ കഴിയുമോ?**

*ചട്ടങ്ങളോ ആചാരങ്ങളോ* എന്നത് ആവർത്തിച്ചു ചോദിക്കപ്പെടുന്ന ഒരു ചോദ്യമാണ്. കാലം മാറിയിരിക്കുന്നു നാം കാലത്തിനൊത്ത് നീങ്ങണം. ചട്ടങ്ങൾ ഉപദേശങ്ങളെയാണോ അല്ല ഉപദേശങ്ങൾ ചട്ടങ്ങളെയാണോ നിയന്ത്രിക്കേണ്ടത്?

## ഉത്തരം:

കുറെകാലം മുൻപ് ചില മുതിർന്ന ദൈവ ദാസന്മാർ സന്നിഹിതരായിരുന്ന ഒരു ക്യാമ്പിൽ ഒരു ബുധനാഴ്ച ക്യാമ്പിലെ വിശ്വാസികൾ അപ്പം മുറിക്കുന്നതിന് ഒരുമിച്ചു കൂടി. ഇത് സത്യമാണ് ഇത് സംഭവിച്ചതാണ്. എന്നാൽ അന്ധമായി ഈ വഴക്കം അനുകരിക്കുന്നതിനു മുമ്പ് ഇത് ശരിയായിരുന്നുവോ എന്ന് അന്വേഷിക്കുന്നത് നന്നായിരിക്കും. ഇവിടെ ചോദ്യം *ആര് ഇത് ചെയ്തു* എന്നതല്ല, എന്നാൽ *വചനപ്രകാരം ഇത് ശരിയാണോ* എന്നതാണ്. ഒരു വ്യക്തി എത്ര ആത്മീകനും അംഗീകാര യോഗ്യനായിരുന്നാലും, അദ്ദേഹത്തിന്റെ പ്രവൃത്തില്ല വചനത്തെ ഉറപ്പിക്കുന്നത്, മറിച്ച് വചനമാണ് ആ വ്യക്തിയെ വിധിക്കുന്നത്.

എന്റെ ആത്മീക പിതാവ് കെ.ജി.കുര്യൻ, മുകളിൽ പറഞ്ഞ വസ്തുത സ്ഥിരീകരിക്കേണ്ടതിന് ഒരു ഉദാഹരണം പറയാറുണ്ടായിരുന്നു. സ്വാധീനമുള്ള ഒരു ധനിക ബ്രാഹ്മണ കുടുംബത്തിലെ ഒരു ചെറുപ്പക്കാരൻ താഴ്ന്ന കുലത്തിൽപ്പെട്ട സ്നേഹിതരോടൊത്ത് പട്ടിയിറച്ചി തിന്നു. സമുദായം അവനെ ഭ്രഷ്ട് കൽപ്പിക്കുവാൻ ആഗ്രഹിച്ച് പ്രശ്നം പണ്ഡിറ്റിന്റെ മുമ്പാകെ വന്നു. ദീർഘമായ ആലോചനയ്ക്കു ശേഷം ബാലനെ രക്ഷിക്കുവാനും കുടുംബത്തിന്റെ മുഖം രക്ഷിക്കുവാനും അദ്ദേഹം ഈ വിധി നൽകി:

*പട്ടി കുട്ടിയാകിലും, കരിമ്പാറ പുറത്താകിലും, കാഞ്ഞിരം വിറകാകിലും, തിന്നതു ഉണ്ണിയാകിലും ആകാം, ആകാം.*

അർത്ഥം: പട്ടി കുട്ടിയായിരുന്നതിനാലും, അത് പാറമേൽ ചുട്ടതാകിലും, വിറക് കാഞ്ഞിര മരം ആയിരുന്നതിനാലും, തിന്നത് ഉണ്ണിയാകയാലും, അത് ആകാം.

ഒരു പൂർവ്വസമ്പ്രദായം ഉപദേശമായി തീരുവാൻ കഴിയുകയില്ല, വചന പ്രകാരം അല്ലെങ്കിൽ അത് തള്ളിക്കളയേണ്ടതാണ്.

**4. നാം ആരാധിക്കുന്നത് എവിടെ?**

വ്യക്തിപരമായ ആരാധനയും സഭയായുള്ള ആരാധനയും തമ്മിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടോ? ആരാധനയ്ക്ക പല മുഖങ്ങളുണ്ട് നാം വൈവിധ്യങ്ങളെ തിരിച്ചറിയേണ്ടതല്ലേ?

## ഉത്തരം:

ഈ ചോദ്യത്തിന് ഉത്തരം നൽകുമ്പോൾ മുൻപ് ചിന്തിച്ചിട്ടുള്ള ഇക്കാര്യങ്ങൾ നാം ഓർക്കേണ്ടതാണ്: (എ) സമർപ്പണം (ആരാധനയുടെ പ്രവൃത്തി), (ബി) കൊടുക്കുക (ആരാധനയുടെ ശബ്ദം), (സി) ഉഴിഞ്ഞു വയ്ക്കുക (ആരാധനയുടെ മനോഭാവം), (ഡി) സേവനം (ആരാധനയുടെ സേവനം).

ഏകനായിരിക്കുമ്പോഴം, മറ്റു വിശ്വാസികളോടു കൂടെയായിരിക്കുമ്പോഴും, ഭവനത്തിൽ കുടുംബാംഗങ്ങളോടു കൂടെ ആയിരിക്കുമ്പോഴും, തന്റെ സഭയിൽ മറ്റു വിശ്വാസികളോടു കൂടെ ആയിരിക്കുമ്പോഴും ഒരു വിശ്വാസിക്ക് ആരാധിക്കുവാൻ കഴിയും. ഉദാഹരണത്തിന്, തെരുവിലൂടെ നടക്കുമ്പോൾ തനിക്ക് ദൈവ കാര്യങ്ങൾ ധ്യാനിക്കുവാൻ കഴിയും, *ഹൃദയത്തിൽ കർത്താവിനു പാടുവാൻ കഴിയും* അങ്ങനെ ദൈവത്തെ ആരാധിക്കുവാനാകും. ഇത് ആരാധനയുടെ പ്രവൃത്തിയാണെങ്കിൽ, അഥവാ സാഷ്ടാംഗം റോഡിൽ വീഴുന്നതാണെങ്കിൽ അതു ചെയ്യാതിരിക്കുന്നതാണ് നല്ലത്. ആരാധന ഒരു പ്രഹസനമല്ലല്ലോ ജാതികൾ ദൈവത്തെ പ്രസാദിപ്പിക്കുവാനും മറ്റും തെരുവുകളിൽ ഉരുളുകയും ചെയ്യുന്നു. ഇത് നമുക്ക് മാതൃകയല്ലല്ലോ. സന്ദർഭവശാൽ, കർത്താവ് ശമര്യാ സ്ത്രീയോട് സംസാരിച്ചപ്പോൾ ആരാധനയുടെ പ്രവൃത്തിയെ അർത്ഥമാക്കുന്ന പദം ഉപയോഗിച്ചു. പിശാചിനാൽ പരീക്ഷിക്കപ്പെട്ടപ്പോൾ മുകളിൽ പറഞ്ഞ ആദ്യത്തെയും ഒടുവിലത്തെയും വാക്കുകൾ അവൻ ഉപയോഗിച്ചു.

യഹൂദന്മാർക്കും ശമര്യർക്കും ആരാധനയുടെ പ്രത്യേക സ്ഥലങ്ങൾ ഉണ്ടായിരുന്നു. ആരാധനയിൽ അവരുടെ ആചാരങ്ങളും, വിശേഷിച്ച് യഹൂദന്മാരുടെ വംശീയ ഐക്യതയും ഇപ്രകാരം സ്ഥലം ആവശ്യമാക്കുന്നു. പുതിയനിയമത്തിൽ ഇത്തരം സ്ഥലങ്ങളുടെ പ്രാധാന്യം ഇല്ലാതായിരിക്കുന്നു. പക്ഷെ അവന്റെ നാമത്തിൽ പ്രാദേശിക സഭ ഒരു സമയത്ത് ഒരു സ്ഥലത്താണ് കൂടിവരുന്നത്. ഒരു പ്രാദേശിക സഭ (അത് രണ്ടോ മൂന്നോ പേരോ, നൂറോ) ഒരു സ്ഥലത്ത് കൂടിവരുന്നു. മുറിയായിരുന്നാലും ഹാൾ ആയിരുന്നാലും ആ അർത്ഥത്തിൽ സ്ഥലം പ്രധാനമാണ്. കൂടിവരുന്നത് *എന്റെ നാമത്തിൽ* ആയിരിക്കണം, കൂടിവരുന്ന വിശ്വാസികളുടെ കൂട്ടമാണ് സഭ. ഒരു സ്ഥലമല്ല.

ഒരു പ്രാദേശിക സഭ ഒരു സമയത്ത് രണ്ടോ അതിലധികമോ സ്ഥലങ്ങളിൽ കൂടി വരുന്നത് അസാദ്ധ്യമാണ്.

**5. ആരാധനയ്ക്ക് സമയം ഉണ്ടോ? അതോ അതും ഇല്ലായ്മ ചെയ്തുവോ?**

ഇവിടെ വീണ്ടും പ്രശ്നം വ്യക്തിപരവും കൂട്ടായും ഉള്ള ആരാധനയാണ്. ഇവ രണ്ടും കലർത്തുന്നത് ആശയക്കുഴപ്പം ഉണ്ടാക്കും.

## ഉത്തരം:

വ്യക്തപരമായ ആരാധന ഒരാൾ അർത്ഥമാക്കുന്നു എങ്കിൽ എവിടെയും അതു ചെയ്യുവാൻ കഴിയും. എന്നാൽ *സഭയായുള്ള ആരാധന* അർത്ഥമാക്കുന്നു എങ്കിൽ ഇത് വത്യസ്ഥമായ കാര്യമാണ്. പ്രത്യേക ആരാധനാ യോഗം ഒരു സഭാ കൂടിവരവിൽ ഇല്ല. വത്യസ്ഥ ഏഴു സന്ദർഭങ്ങളിൽ സഭ യോഗം ചേർന്നതായി മുമ്പ് പറഞ്ഞിട്ടുണ്ട്. ഒരുമിച്ചു കൂടുമ്പോൾ സഭ അവളുടെ കർത്താവിനെ ആരാധിക്കുന്നു എന്ന നിലയിൽ സഭയുടെ എല്ലാ കൂടിവരവുകളും ആരാധനാ യോഗങ്ങളാണ്. ആരാധന എന്നതിനാൽ നാം അർത്ഥമാക്കുന്നത് ഞായറാഴ്ചയിൽ കൂടിവരുന്നതിനെയാണ് എങ്കിൽ അത് പ്രത്യേകമാണ്. ഈ കൂടിവരവിന്റെയും അവിഭാജ്യ ഘടകമാണ് ആരാധന എങ്കിലും, ഞായറാഴ്ച പ്രഭാതത്തിൽ സഭ കൂടി വരുന്നത് കർത്താവിന്റെ അത്താഴത്തിനു വേണ്ടിയാണ്. 1 കൊരി. 11:17-20,33; 14:23,26; മത്താ.18:20; 1 കൊരി. 5:4; അപ്പോ.പ്രവൃ. 11:26; എബ്രാ. 10:25 മുതലായ വേദഭാഗങ്ങൾ ധ്യാനിക്കുന്നത് സമൃദ്ധമായ അറിവ് നൽകും.

പൊതുവേ പറഞ്ഞാൽ നാം ആരാധനാ യോഗം എന്നു പറയുമ്പോൾ, നാം അർത്ഥമാക്കുന്നത് ഞായറാഴ്ച പ്രാഭാതത്തിലെ കൂടിവരവിനെയാണ്. എന്നാൽ ഇത് ഒരു തെറ്റായപേരാണ്. തിരുവത്താഴത്തിനായി ഒരുമിക്കുന്നത് സഭ കൂടിവരുമ്പോൾ മാത്രമാണ്. ഇത് സഭ കൂടിവരുന്ന സ്ഥലത്താണ്. ഒരു പ്രത്യേക സ്ഥലത്ത് സഭ അതിന്റെ പതിവായ ആരാധനാ സ്ഥലത്ത് കൂടിവന്നു. ആ സഭയിൽ കൂട്ടായ്മയിലുള്ള ഒരു കുടുംബം

ഇരുന്നൂറ് മീറ്റർ അകലെ അവരുടെ ഭവനത്തിൽ മറ്റു ചില നാമധേയ ക്രിസ്ത്യാനകളുമായി കർത്താവിന്റെ അത്താഴത്തിൽ നിന്ന് പങ്കുചേരുവാൻ കൂടിവന്നു. ഇത് സഭയുടെ ഐക്യത്തിന് ഹാനികരമാണെന്നു മാത്ര മല്ല, ഇത് സഭയുടെ അധികാരത്തെ തിരസ്കരിക്കുന്നതുമാണ്.

ആശയക്കുഴപ്പം ഉണ്ടാക്കുന്ന വേറൊരു സംഗതിയാണ് തിരുവത്താഴത്തിന്റെ സമയം. അത് പകലാണോ, രാത്രിയാണോ എന്നാണ് ചോദ്യം. അപ്പോ. പ്രവൃ. 20:7 ൽ അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ അവിടെ *വളരെ വിളക്കുകൾ* ഉണ്ടായിരുന്നു. പൗലോസ് *പുലർച്ചയാവോളം സംസാരിച്ചു* എന്നുള്ള പ്രയോഗങ്ങളാൽ രാത്രിയിലാണ് കൂടിവന്നത് എന്ന് ചിന്തിക്കുന്നവരുണ്ട്. അവരുടെ ചിന്ത ശരിയായിരിക്കാം. യഹുദന്മാരുടെ ദിവസം തുടങ്ങുന്നത് വൈകുന്നേരം 6 മണിയ്ക്ക് (സൂര്യാസ്തമയ സമയം) ആണല്ലോ. സഭയുടെ പ്രാരം ഭ ഘട്ടത്തിൽ വിശ്വാസികൾ യഹൂദന്മാരിൽ നിന്നും പരിപൂർണമായും വേർപെട്ടിരുന്നില്ലല്ലോ. അതുകൊണ്ട് അപ്പോസ്തലപ്രവൃത്തി 20 ൽ കൂടിവന്നത് രാത്രിയായിരിക്കാം. ക്രമേണ ഇത് ഞായറാഴ്ച രാവിലെ ആയി മാറി.

വേറൊരു ചോദ്യം ഗൾഫ് നാടുകളിൽ വിശ്വാസികൾ കർത്താവിന്റെ അത്താഴത്തിന് കൂടിവരുന്നത് വെള്ളിയാഴ്ചയാണ്. ലോകത്ത് മറ്റെല്ലായിടത്തും ആഴ്ച തോറും ഉള്ള അവധി ഞായറാഴ്ചയായിരിക്കു മ്പോൾ മുസ്ലീം രാജ്യങ്ങളിൽ അത് വെള്ളിയാഴ്ചയാണ്. അതുകൊണ്ട് ഗൾഫ് രാജ്യങ്ങളിൽ അവർ വെള്ളി യാഴ്ച കൂടിവരുന്നു.

**6. സഭയിൽ മാത്രമാണോ നാം കർത്താവിന്റെ അത്താഴം ഭുജിക്കുവാൻ കൂടിവരുവാൻ പാടുള്ളൂ?**
*സ്ഥലം പ്രധാനമല്ല. നമുക്ക് എവിടെയും കൂടിവരാം. നമുക്ക് ആവശ്യമുള്ള സമയത്ത് അപ്പം നുറുക്കാം.* ഈ വക വാക്കുകൾ അരാജകത്വത്തിന്റെ വാക്കുകളാണ്. നമുക്ക് സ്വാതന്ത്ര്യമുണ്ട്, എന്നാൽ നമുക്ക് പരിധി കൾ ഉണ്ടായിരിക്കണം.

## ഉത്തരം:

അതെ. ഒരു വിശ്വാസിയും തനിയെ അല്ല. സഭയുടെ ഒരു അംഗവും ഭാഗവുമാണ്. വിശ്വാസികൾക്ക് ഉള്ള ആത്മാവിന്റെ ഐക്യത അപ്പം നുറുക്കുന്നതിൽ പ്രകടിപ്പിക്കുകയാണ്. ശരീരത്തിന്റെ ഏകത്വം മുറി ക്കുന്ന അപ്പത്തിൽ വെളിവാകുന്നു. *നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മയല്ലയോ?* (1 കൊരി. 10:16). താൻ കൂടിവരുന്ന സ്ഥലം സഭയോട് ഉത്തരവാദപ്പെട്ടവനാണ് വിശ്വാസി. അതുകൊണ്ട് സഭാ കൂടിവരവിൽ മാത്രമാണ് തിരുവത്താഴം നടക്കുന്നത്.

**7. അപ്പം നുറുക്കുന്നതിന് ഒരു സ്ഥലത്ത് മാത്രമാണോ കൂടിവരുവാൻ നമുക്ക് കഴിയുകയുള്ളു?**
വ്യക്തമായും എല്ലാവർക്കും എല്ലായിടത്തും കൂടുവാൻ കഴിയുകയില്ല. ഇതാണ് നിയന്ത്രണത്തിന്റെ ആവശ്യം. നാം ഇതിനോട് പറ്റിനിൽക്കേണ്ടതല്ലേ?

## ഉത്തരം:

അതെ, ഒരു സ്ഥലം സഭ ഒരു സമയത്ത് ഒരു സ്ഥലത്തു മാത്രം. രണ്ട് വത്യസ്ഥ സ്ഥലത്ത് കൂടിവരു മ്പോൾ ഒരു ശരീരം എന്നത് പ്രകടമാക്കുവാൻ സാദ്ധ്യമല്ല. *ആത്മാവിന്റെ ഐക്യത സൂക്ഷിക്കുവാൻ* നമ്മോട് പ്രബോധിപ്പിക്കുന്നു, അതിന് വിഘ്നം സൃഷ്ടിക്കുന്നത് നന്നല്ല.

യരുശലേം ദേവാലയം പോലെ പ്രത്യേക സ്ഥലം ആരാധനയ്ക്കായി ഇല്ല എന്നത് സത്യമാണ്. ആരാ ധനയുടെ സ്ഥലം എന്നത് *രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്ന* ഇടമാണ് (മത്താ. 18:20). / യരുശലേമും പുതിയ നിയമ സഭയും തമ്മിൽ യാതൊരു സാദൃശ്യവുമില്ല, അതുകൊണ്ട് അവയെ താര തമ്യം ചെയ്യാതിരിക്കുന്നതാണ് നല്ലത്. മത്തായി 18:20 ലെ വാഗ്ദത്തം സഭാ കൂടിവരവിൽ മാത്രമേ അവകാ ശപ്പെടുവാൻ കഴിയുകയുള്ളൂ. കർത്താവിന്റെ നാമത്തിന്റെ അധികാരം തിരസ്കരിക്കപ്പെടുമ്പോൾ വാഗ്ദത്തം അവകാശപ്പെടുന്നത് അർത്ഥ ശൂന്യമാണ്. തീർച്ചയായും കർത്താവ് സർവ്വ വ്യാപിയാണ്, അവൻ എല്ലായി ടത്തും ഉണ്ട് എന്നുള്ളതു സത്യമാണ്.

**8. സഭാ ജീവിതത്തിൽ ഞായറാഴ്ചയുടെ പ്രാധാന്യം എന്താണ്?**

എല്ലാ ദിവസവും ദൈവം ഉണ്ടാക്കുന്നതാണ്. ഒരു ദിവസത്തെ മറ്റു ദിവസത്തെക്കാൾ വ്യത്യസ്ഥമായി നാം എന്തിനു കണക്കാക്കണം. ഞായറാഴ്ച ഒരു പ്രത്യേക ദിവസമാണോ?

## ഉത്തരം:

പഴയനിയമത്തിൽ ശനിയാഴ്ച ശബത്തു ദിവസവും വിശ്രമത്തിന്റെ ദിവസവുമായിരുന്നു. ഏഴാം ദിവസം സൃഷ്ടിപ്പിൽ തന്റെ പ്രവൃത്തി ദൈവം അവസാനിപ്പിച്ചു; താൻ ഉണ്ടാക്കിയ എല്ലാറ്റിൽ നിന്നും ഏഴാം ദിവസം ദൈവം സ്വസ്ഥനായിരുന്നു. ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു, ശുദ്ധീകരിച്ചു: കാരണം *താൻ സൃഷ്ടിച്ചുണ്ടാക്കിയ സകല പ്രവൃത്തിയിൽ നിന്നും അന്നു നിവൃത്തനായി* (ഉൽപ്പ.2:2,3). പുതിയനിയമത്തിൽ ഞായറാഴ്ച ഏഴാം ദിവസത്തിനു പകരമല്ല, മറിച്ച് ഇത് ഉയിർപ്പിന്റെ ദിവസമാണ്. ശിഷ്യന്മാർ അപ്പം നുറുക്കുവാൻ കൂടിവന്നത് ആഴ്ചയുടെ ഒന്നാം ദിവസമാണ് (അപ്പോ. പ്രവൃ. 20:7). ഇതാണ് അപ്പോസ്തലിക വഴക്കം. കൊരിന്ത്യർക്ക് എഴുതുമ്പോൾ അപ്പോസ്തലനായ പൗലോസ് ആഴ്ചയുടെ ഒന്നാം ദിവസം ദ്രവ്യശേഖരം എടുക്കുവാൻ ആവശ്യപ്പെട്ടു. കൊരിന്തിലെ സഭ ആഴ്ചയുടെ ഒന്നാം ദിവസം കൂടിവരുന്നു എന്ന അറിഞ്ഞുകൊണ്ടാണ് ഇത് ചെയ്തത്. ആഴ്ചയുടെ ഒന്നാം ദിവസം അപ്പോസ്തലന്മാർ ഒരുമിച്ചു കൂടി; എട്ടു ദിവസം കഴിഞ്ഞിട്ട് അവന്റെ ശിഷ്യന്മാർ പിന്നെയും അകത്ത് കൂടിയിരുന്നു (യോഹ. 20:26). ഇത് വീണ്ടും അപ്പോസ്തലിക വഴക്കത്തെയാണ് കാണിക്കുന്നത്. *നിങ്ങൾ ഇത് കുടിക്കുമ്പോഴൊക്കെയും നിങ്ങൾ ഇത് തിന്നുമ്പോഴൊക്കെയും* എന്ന പ്രയോഗം (1 കൊരി.11:25,26) കാണിക്കുന്നത് പൊതുവെയുള്ള ആചരണത്തെയാണ്. ആഴ്ചയുടെ ഒന്നാം ദിവസം തോറും നിങ്ങൾ തിന്നുമ്പോൾ എന്നു മാത്രമാണ് ഇതിനർത്ഥം. പൗലോസ് ത്രോവാസിൽ തിങ്കളാഴ്ച എത്തി. അവന്റെ യാത്ര തിടുക്കത്തിലുള്ളതായിരുന്നു. എന്നിട്ടും അടുത്ത കർതൃദിവസം, ഞായറാഴ്ച, വരെയും അപ്പം നുറുക്കുവാൻ അവൻ താമസിച്ചു.

**9. ആരാധന, കർത്താവിന്റെ അത്താഴം ഇവ സംബന്ധിച്ച് എന്തെങ്കിലും ആശയക്കുഴപ്പം ഉണ്ടോ?**

അവ്യക്തമായ ധാരണ ആശയക്കുഴപ്പം ഉണ്ടാക്കുന്നു. രണ്ടു കാര്യങ്ങൾ ഒരു പോലെ കാണപ്പെട്ടേക്കാം. എന്നാൽ നാം വ്യത്യാസം കുറിക്കൊള്ളേണ്ടതല്ലേ?

## ഉത്തരം:

അതെ, ഉണ്ട്. പല മനസ്സുകളിലും ഞായറാഴ്ച പ്രഭാതം *ആരാധനാ യോഗം* ആകുന്നു. എന്നാൽ തിരുവെഴുത്ത് അങ്ങനെ പറയുന്നില്ല. *എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്‌വിൻ* എന്നുള്ളത്, അഥവാ തിരുവത്താഴം ആരാധനയുടെ അവിഭാജ്യ ഘടകമാണ് എന്നിരുന്നാലും, കർത്താവിനെ നാം ആരാധിക്കുന്ന ഏകസമയം ഇതല്ല. സഭയുടെ എല്ലാ കൂടിവരവുകളിലും നാം കർത്താവിനെ ആരാധിക്കുന്നു. ആശയക്കുഴപ്പം അധികവും ഉയരുന്നത് ഞായറാഴ്ച പ്രഭാതം ആരാധനയുടെ സമയം ആയിട്ട് മാത്രം നാം കരുതുന്നു എന്ന വസ്തുതയിൽ നിന്നാണ്. ആരാധനയില്ലാതെ കർത്താവിന്റെ അത്താഴം ഭക്ഷിക്കുവാൻ സാദ്ധ്യമല്ല. അത്താഴത്തിന്റെ അവിഭാജ്യ ഘടകമാണ് ആരാധന. പക്ഷെ രണ്ടും രണ്ടാണു താനും.

▼ ▼ ▼